സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 55 | ലക്കം: 49 | 2025 മെയ് 05 തിങ്കൾ | പേജ്: 8 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@hyahoo.co.in


## വേടന്റെ പാട്ട് ഇന്ന്: സുരക്ഷക്ക് 200 പൊലീസുകാർ

തൊടുപുഴ: ഇടുക്കിയിൽ ഇന്ന് നടക്കുന്ന വേടൻറെ റാപ് ഷോയിൽ കനത്ത സുരക്ഷ. പ്രവേശനം പരമാവധി 8,000 പേർക്ക് മാത്രമാണെന്ന് സംഘാടകർ അറിയിച്ചു. സ്ഥല പരിമിതി മൂലമാണ് തീരുമാനം. സുരക്ഷക്കായി 200 പോലീസുകാരെ വിന്യസിച്ചു. വേണ്ടി വന്നാൽ വേദിയിലേക്കുള്ള റോഡുകൾ ബ്ലോക്ക് ചെയ്യും. നിയന്ത്രണ വിധേയമല്ലെങ്കിൽ പരിപാടി റദ്ദാക്കും. കേസിൽ പ്രതി ചേർത്തതിനെ തുടർന്ന് ഉപേക്ഷിച്ച പരിപാടിയിലാണ് വേടൻ പാടാൻ വരുന്നത്. ഇടതു സർക്കാറിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച്വാഴത്തോപ്പ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് നടന്നു വരുന്ന 'എന്റെ കേരളം' പ്രദർശന വിപണനമേളയുടെ സമാപന ദിവസമായ ഇന്ന് വൈകീട്ടാണ്വേടൻ പാടുക.

## തെക്കേ ഗോപുരനട തുറന്നു; പൂരാവേശത്തിൽ തൃശൂർ

തൃശൂർ:പൂര വിളംബരം കുറിച്ച് വടക്കുന്നാഥ ക്ഷേത്രത്തിന്റെ തെക്കേ ഗോപുരനട തുറന്നു. ഉച്ചക്ക് നെയ്തലക്കാവ് വിഭാഗത്തിനു വേണ്ടി തിടമ്പേറ്റിയ എറണാകുളം ശിവകുമാർ എന്ന ഗജവീരനാണ് തെക്കേഗോപുരനട തുറന്നത്. ശിവകുമാർ തുമ്പിക്കൈ ഉയർത്തിയതോടെ പൂരാരവമുയർന്നു.

രാവിലെ കുറ്റൂർ നെയ്തലക്കാവ് ക്ഷേത്രത്തിൽ നിന്ന് എഴുന്നള്ളിപ്പ് തുടങ്ങി, പാറമേക്കാവ് ക്ഷേത്രത്തിന് മുന്നിലൂടെ പൂരപ്പറമ്പ് വഴി മണികണ്ഠനാലിൽ എത്തിച്ചേർന്നു. തുടർന്ന് കക്കാട് രാജപ്പൻ പ്രമാണിയായ പാണ്ടിമേളത്തിന്റെ അകമ്പടിയോടെ വടക്കുന്നാഥ ക്ഷേത്രത്തിലേക്ക് നീങ്ങി. പടിഞ്ഞാറേ ഗോപുരം കടന്ന് വടക്കുന്നാഥൻ ക്ഷേത്രം വലംവച്ചശേഷമാണ് തെക്കേ ഗോപുര വാതിൽ തുറന്നത്.

ചൊവ്വാഴ്ചയാണ് പൂരപ്രേമികൾ ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന തൃശൂർ പൂരം. ഇന്ന് വൈകിട്ട് വൈദ്യപരിശോധനയ്ക്ക് ആനകൾ നിരക്കും. പാറമേക്കാവ്, തിരുവമ്പാടി ക്ഷേത്രങ്ങളും പൂരപ്പന്തലുകളും ദീപാലംകൃതമാവും. ചൊവ്വാഴ്ച രാവിലെ 8 ഘടകക്ഷേത്രങ്ങളിൽ നിന്ന് ചെറുപൂരങ്ങളുടെ വരവ് ആരംഭിക്കും. തുടർന്ന് 11.30ന് തിരുവമ്പാടി വിഭാഗത്തിന്റെ മഠത്തിൽ വരവ്. തിരുവമ്പാടി ചന്ദ്രശേഖരൻ തിടമ്പേറ്റും. പകൽ 3ന് പാണ്ടിമേളത്തിന്റെ അകമ്പടിയോടെ ശ്രീമൂലസ്ഥാനത്ത് എത്തും. പകൽ പന്ത്രണ്ടോടെ പാറമേക്കാവ് എഴുന്നള്ളിപ്പ് തുടങ്ങും. ഉച്ചയ്ക്ക് രണ്ടുമണിയോടെ മേളങ്ങളുടെ മേളമായ ഇലഞ്ഞിത്തറ മേളം തുടങ്ങും. വൈകിട്ട് 5.30ന് തെക്കോട്ടിറക്കവും വർണക്കുടമാറ്റവും നടക്കും. രാത്രി പൂരത്തിനുശേഷം ബുധൻ പുലർച്ചെയാണ് വെടിക്കെട്ട് നടക്കുക.

## ടെറസിൽ നിന്ന് ടെറസിലേക്ക്; ഗൂഡല്ലൂരിൽ വീടുകൾക്ക് മുകളിൽ കയറി ആന

ഗൂഡല്ലൂർ: ഗൂഡല്ലൂരിലെ നെലാക്കോട്ട ടൗണിൽ ഇറങ്ങിയ കൊമ്പൻ വീടുകൾക്ക് മുകളിലേക്ക് കയറി. വീടുകളുടെ ടെറസിന് മുകളിലൂടെ നീങ്ങിയ ആന പ്രദേശത്ത് ഏറെ നേരം ഭീതി പരത്തി. വ്യാപക നാശവുമുണ്ടാക്കി. രാവിലെ ഏഴ് മണിയോടെയാണ് സംഭവം.ഒരു വീടിന്റെ ശുചിമുറി തകർത്താണ് ആന ടെറസിലേക്ക് കയറിയത്. തിരികെ ഇറങ്ങാനാവാതെ പിന്നീട് പടിക്കെട്ടിലൂടെ ഇറങ്ങി വിലങ്ങൂർ ഭാഗത്തേക്ക് പോവുകയായിരുന്നു.

ഇതിനിടെ ഗൂഡല്ലൂർ-പാട്ടവയൽ-സുൽത്താൻബത്തേരി സംസ്ഥാനപാതയിൽ ഗാഡികുന്ന് ഷൗക്കത്തിന് ആനയുടെ ആക്രമണത്തിൽ പരിക്കേറ്റു. ഇയാളെ ഗൂഡല്ലൂർ ജില്ല ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സംഭവത്തിൽ പ്രതിഷേധിച്ച് നാട്ടുകാർ നെലാക്കോട്ട ടൗണിൽ റോഡ് ഉപരോധിച്ചു.

## ജമ്മു കാശ്മീരിലെ ജയിലുകളിൽ ഭീകരാക്രമണ ഭീഷണി; സുരക്ഷ ശക്തമാക്കി

ശ്രീനഗർ: ജമ്മു കാശ്മീരിലെ ജയിലുകളിൽ ഭീകരാക്രമണ ഭീഷണിയെത്തുടർന്ന് സുരക്ഷ ശക്തമാക്കി. ശ്രീനഗർ സെൻട്രൽ ജയിൽ, ജമ്മുവിലെ കോട്ട് ബൽവാൽ ജയിൽ എന്നിവിടങ്ങളാണ് ഭീകരർ ലക്ഷ്യം വയ്ക്കുന്നതെന്നാണ് രഹസ്യന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ട്. നിരവധി കൊടും ഭീകരരെയും ഭീകരർക്ക് സഹായം ചെയ്തവരെയും പാർപ്പിച്ചിരിക്കുന്നത് ഈ ജയിലുകളിലാണ്.

കാശ്മീരിലെ പഹൽഗാം ഭീകരാക്രമണവുമായി ബന്ധപ്പെട്ട് തീവ്രവാദികളുടെ സഹായികളായ നിസാർ, മുഷ്താഖ് എന്നിവരെ എൻഐഎ ചോദ്യം ചെയ്തിരുന്നു. ഇതിൽ നിന്നാണ് ജയിലുകളിലെ ആക്രമണസാദ്ധ്യതയുടെ വിവരം ലഭിച്ചതെന്നാണ് സൂചന. രഹസ്യാന്വേഷണ വിവരത്തെത്തുടർന്ന് സിഐഎസ്എഫ് ഡയറക്ടർ ജനറൽ ശ്രീനഗറിലെ ഉന്നത ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തി. ജമ്മു കാശ്മീരിലെ ജയിലുകളുടെ സുരക്ഷാചുമതല സിആർപിഎഫിൽ നിന്ന് 2023ൽ സിഐഎസ്എഫ് ഏറ്റെടുത്തിരുന്നു.

പഹൽഗാം ഭീകരാക്രമണം നടത്തിയ തീവ്രവാദികൾ ഇപ്പോഴും തെക്കൻ കാശ്മീരിൽ ഒളിഞ്ഞിരിക്കുന്നുണ്ടെന്നാണ് എൻഐഎ വ്യക്തമാക്കുന്നത്. പ്രദേശത്ത് കൂടുതൽ തീവ്രവാദികൾ ഉണ്ടാകാമെന്നും വിലയിരുത്തുന്നുണ്ട്.

അതേസമയം, പഹൽഗാം ഭീകരാക്രമണത്തിന് ഇരയായവർക്ക് നീതി ലഭ്യമാക്കാൻ കനത്ത തിരിച്ചടിക്ക് രാജ്യം സജ്ജമാണെന്നാണ് റിപ്പോർട്ടുകൾ. സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാൻ, മൂന്നു സേനാ മേധാവികൾ എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രത്യേകം നടത്തിയ കൂടിക്കാഴ്ചകൾ ഇന്നലെ പൂർത്തിയായി. വ്യോമ സേന മേധാവി എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ് ഇന്നലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലെത്തി തയ്യാറെടുപ്പുകൾ വിശദീകരിച്ചു. ശനിയാഴ്ച നാവികസേന മേധാവി അഡ്മിറൽ ഡി.കെ. ത്രിപാഠിയും ഏപ്രിൽ 30ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയും സേന സുസജ്ജമാണെന്ന് പ്രധാനമന്ത്രിയെ അറിയിച്ചിരുന്നു.

## പൂഞ്ചിൽ ഭീകരരുടെ ഒളിത്താവളം തകർത്തു: സ്ഫോടകവസ്തു കണ്ടെത്തി

ശ്രീനഗർ : ജമ്മു കശ്മീരിലെ പൂഞ്ചിൽ സൈന്യവും കശ്മീർ പൊലീസും സംയുക്തമായി നടത്തിയ ദൗത്യത്തിൽ ഭീകരരുടെ ഒളിത്താവളം തകർത്തു. സുരാൻകോട്ട് വില്ലേജിലുള്ള ഭീകരരുടേതെന്ന് സംശയിക്കുന്ന ഒളിത്താവളമാണ് സൈന്യത്തിന്റെ റോമിയോ ഫോഴ്സ് തകർത്തത്. ഇവിടെ നിന്ന് 5 ഐഇഡികൾ, റേഡിയോ സെറ്റുകൾ, ബൈനോക്കുലർ എന്നിവ കണ്ടെടുത്തു. ടിഫിൻ ബോക്സിലും സ്റ്റീൽ ബക്കറ്റിലും ഒളിപ്പിച്ച നിലയിലായിരുന്നു ഐഇഡി. ഇതിന്റെ ചിത്രങ്ങൾ കശ്മീർ പൊലീസ് പുറത്തുവിട്ടു.

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ ദിവസം കശ്മീർ ഐജി വി കെ ബിർദി വിവിധ സൈനിക മേധാവികളുമായി സംയുക്ത കൂടിക്കാഴ്ച നടത്തിയിരുന്നു. പൊലീസ്, ആർമി, ഇന്റലിജൻസ് വിഭാഗം, സെൻട്രൽ ആർമ്ഡ് ഫോഴ്സ് മേധാവികൾ പങ്കെടുത്തിരുന്നു. പഹൽഗാം ഭീകരാക്രമണത്തിനു ശേഷം കശ്മീരിൽ ഭീകരർക്കായി വ്യാപക തിരച്ചിൽ തുടരുകയാണ്.

അതിർത്തിയിൽ പ്രകോപനമില്ലാതെ പാക് സൈന്യം വെടിയുതിർക്കുന്നത് കഴിഞ്ഞ ദിവസങ്ങളിലും ആവർത്തിച്ചെന്ന് സൈന്യം അറിയിച്ചു. പൂഞ്ച് അടക്കമുള്ള മേഖലകളിൽ വെടിനിർത്തൽ കരാർ പാകിസ്ഥാൻ ലംഘിച്ചിരുന്നു. കഴിഞ്ഞ മാസം 25നാണ് പാക് സൈന്യം അതിർത്തിയിൽ വെടിവയ്പ് ആരംഭിച്ചത്.

ഏപ്രിൽ 22നാണ് പഹൽഗാമിൽ രാജ്യത്തെ നടുക്കിയ ഭീകരാക്രമണം ഉണ്ടായത്. വിനോദസഞ്ചാരികളടക്കം 26 പേരാണ് കൊല്ലപ്പെട്ടത്. തുടർന്ന് പാകിസ്ഥാനെതിരെ ഇന്ത്യ നയതന്ത്ര നടപടികൾ സ്വീകരിച്ചിരുന്നു.

അട്ടാരി - വാഗ അതിർത്തി അടയ്ക്കുകയും സിന്ധു നദീജല കരാർ റദ്ദാക്കുകയും ചെയ്തു. ഇന്ത്യയിലുള്ള പാക് പൗരർ രാജ്യം വിടണമെന്നും ആവശ്യപ്പെട്ടിരുന്നു.

## സഹകരണ ബാങ്ക് ലോക്കറിലെ 60 ലക്ഷം രൂപയുടെ സ്വർണം കവർന്നു, സിപിഎം ബ്രാഞ്ച് സെക്രട്ടറിക്കെതിരെ പൊലീസ് കേസ്



കണ്ണൂർ: ബാങ്ക് ലോക്കറിൽ സൂക്ഷിച്ചിരുന്ന 60 ലക്ഷം രൂപയുടെ സ്വർണം കവരുകയും പകരം മുക്കുപണ്ടം വയ്ക്കുകയും ചെയ്ത സംഭവത്തിൽ ജീവനക്കാരനെതിരെ കേസ്. കണ്ണൂർ ആനപ്പന്തി സഹകരണ ബാങ്കിലാണ് സംഭവം. ബാങ്കിലെ താൽക്കാലിക കാഷ്യറായ സുധീർ തോമസിനെതിരായാണ് പൊലീസ് കേസെടുത്തത്. സിപിഎം കച്ചേരിക്കടവ് ബ്രാഞ്ച് സെക്രട്ടറിയാണ് സുധീർ.

60 ലക്ഷം രൂപയുടെ സ്വർണം 18 പാക്കറ്റുകളിലാക്കിയാണ് ലോക്കറിൽ സൂക്ഷിച്ചിരുന്നത്. ഈ സ്വർണം കൈക്കലാക്കിയ സുധീർ തോമസ് പകരം മുക്കുപണ്ടം വയ്ക്കുകയായിരുന്നു. ഭാര്യയുടെ പേരിൽ പണയംവച്ചിരുന്ന സ്വർണവും സുധീർ തോമസ് മോഷ്ടിച്ചതായാണ് വിവരം. മുൻപ് കോൺഗ്രസ് ഭരിച്ചിരുന്ന ആനപ്പന്തി സഹകരണ ബാങ്ക് രണ്ട് വർഷം മുൻപ് മാത്രമാണ് സിപിഎം പിടിച്ചെടുത്തത്.

## നീറ്റ് പരീക്ഷയ്ക്ക് വ്യാജ ഹാൾടിക്കറ്റ്; അക്ഷയ കേന്ദ്രം ജീവനക്കാരി കുറ്റം സമ്മതിച്ചു

കൊല്ലം: പത്തനംതിട്ടയിൽ നീറ്റ് പരീക്ഷയ്ക്ക് വ്യാജ ഹാൾടിക്കറ്റ് ഹാജരാക്കിയ കേസിൽ നെയ്യാറ്റിൻകര അക്ഷയ കേന്ദ്രത്തിലെ ജീവനക്കാരി കസ്റ്റഡിയിൽ. വ്യാജ ഹാൾടിക്കറ്റ് നിർമിച്ചെന്ന് ജീവനക്കാരി സമ്മതിച്ചു. അക്ഷയ സെന്റർ ജീവനക്കാരി വഞ്ചിച്ചതാണെന്നായിരുന്നു നീറ്റ് പരീക്ഷയ്ക്കിടെ പിടിയിലായ വിദ്യാർഥിയുടെ മൊഴി.

നെയ്യാറ്റിൻകര അക്ഷയ കേന്ദ്രത്തിലെ കംപ്യൂട്ടറും ഹാർഡ് ഡിസ്കും കസ്റ്റഡിയിലെടുത്തു. അതിനിടെ വിദ്യാർഥിക്കെതിരെ ആൾമാറാട്ടത്തിനും വ്യാജരേഖ ചമയ്ക്കലിനും കേസെടുത്തിരുന്നു.

കർശന സുരക്ഷയിൽ മെഡിക്കൽ ബിരുദ പ്രവേശത്തിനായുള്ള നീറ്റ് യുജി പരീക്ഷ സംസ്ഥാനത്തും പൂർത്തിയായി. ഇന്ത്യയിലെ 500 നഗരങ്ങളിലെ 5,435 കേന്ദ്രങ്ങളിലായി പരീക്ഷ എഴുതുന്നതിന് 22.7 ലക്ഷം വിദ്യാർഥികളാണ് റജിസ്റ്റർ ചെയ്തിരുന്നത്. സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും പരീക്ഷ കേന്ദ്രങ്ങളായിരുന്നു. കെമിസ്ട്രിയും ബയോളജിയും എളുപ്പമായിരുന്നെങ്കിലും ഫിസിക്സ് താരതമ്യേന പ്രയാസം ആയിരുന്നു എന്നാണ് പരീക്ഷ കഴിഞ്ഞിറങ്ങിയ വിദ്യാർത്ഥികളുടെ പ്രതികരണം.







# തേക്കിൻകാട് മൈതാനമെന്ന പൂരപ്പറമ്പ്

**ലോ**കപ്രസിദ്ധമായ തൃശൂർ പൂരത്തിന്റെ അവിഭാജ്യഘടകമാണ് പൂരപ്പറമ്പ് (തേക്കിൻകാട് മൈതാനം). അവിടെ നടക്കുന്ന പൂരവിസ്മയക്കാഴ്ച - തെക്കോട്ടിറക്കവും, കുടമാറ്റവും, വെടിക്കെട്ടും, എക്സിബിഷനും, പാണ്ടി-പാഞ്ചാരിമേളം, പഞ്ചവാദ്യം, ഇലഞ്ഞിത്തറമേളം, ഗജവീരന്മാരുടെ കൂട്ടം - അതൊന്നും ആരും ഒരിക്കലും മറക്കില്ല. കുടമാറ്റവും വെടിക്കെട്ടും മറ്റും അതിഗംഭീരമായി പല ക്ഷേത്രങ്ങളിലെ പൂരങ്ങൾക്കും നടക്കാറുണ്ടെങ്കിലും തൃശൂർ പൂരത്തിന്റെ കുടമാറ്റവും, വെടിക്കെട്ടും എക്കാലവും അത്യപൂർവ്വ ദൃശ്യമായിത്തന്നെ നിലനിൽക്കുന്നു. ബഹുജനങ്ങൾ ആയിരക്കണക്കിന് ഒരേ മനസ്സോടെ തടിച്ചുകൂടുന്ന മറ്റൊരു മൈതാനം മറ്റെവിടെ ഉണ്ട്!

തൃശൂർ പൂരം ദർശിക്കാനെത്തുന്ന വിദേശികളടക്കമുള്ളവർക്കും അവിസ്മരണീയ അനുഭവങ്ങൾ ഉണ്ടാകുന്നതാണ് പൂരപ്പറമ്പ്.

പൂരത്തോടനുബന്ധിച്ച് മൈതാനത്തെ ആഭരണവിഭൂഷിതയാകുംവിധമാണ് പൂരപന്തലുകളുടെ അലങ്കാരം.

തേക്ക് തുടങ്ങിയ വൃക്ഷങ്ങളാൽ നിബിഢമായിരുന്ന മൈതാനം തൃശൂരിലെ ശ

**സനീഷ് മുളങ്കുന്നത്തുകാവ്**

ക്തൻ തമ്പുരാൻ വെട്ടിത്തെളിയിപ്പിച്ചതിനെ തുടർന്നാണ് ജനകീയ മൈതാനമായി മാറിയതെന്ന് ചരിത്രം.

പൂരപ്പെരുമക്കൊപ്പം തന്നെ പ്രസിദ്ധമാണ് മൈതാനത്തെ പഴയകാലം മുതലുള്ള ശീട്ടുകളി. തൃശൂരിന്റെ സാമൂഹ്യ വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ് മൈതാനത്തെ ശീട്ടുകളിസംഘങ്ങൾ. പ്രമുഖ വ്യക്തികളടക്കം ഇതിൽ ഉൾപ്പെട്ടിരുന്നു. ഇക്കാലത്തും യാതൊരു കുഴപ്പവിമില്ലാതെ സൗഹാർദ്ദപരമായിത്തന്നെ പൂരപറമ്പിലെ കളി തകൃതിയായി നടക്കുന്നു.

വടക്കുന്നാഥ ക്ഷേത്രത്തിന്റെ, തൃശൂരിന്റെ തൃക്കണ്ണാണ് തേക്കിൻകാട് മൈതാനം. വിദ്യാർത്ഥി കോർണർ, ലേബർ കോർണർ, നെഹ്റു മണ്ഡപം, മണികണ്ഠനാൽത്തറ എന്നിവയൊക്കെ ചരിത്രസംഭവങ്ങളാകുന്നു.

മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി തുടങ്ങിയ മഹാത്മാക്കളൊക്കെ തേക്കിൻകാട് മൈതാനമെന്ന പൂരപ്പറമ്പിൽ സമയം ചിലവഴിച്ചിട്ടുള്ളവരാണ്.

തെക്കേഗോപുരനട തേക്കിൻകാട് മൈതാനത്തിന്റെ തിലകക്കുറിയായി നിലനിൽക്കുന്നു. കാലം എത്ര മാറിയിട്ടും തെക്കേഗോപുരനടയിലെ പൂളമരം ചരിത്രസാക്ഷിയായി നിൽക്കുന്നത് ഗോപുര പശ്ചാത്തലത്തിൽ തൃശൂർ പൂരത്തിന്റെ തെക്കോട്ടിറക്കം വീക്ഷിക്കുമ്പോൾ ആകർഷകമായ ഒരു പിൻദൃശ്യമായി തന്നെ പ്രകടമാകുന്നു.

തേക്കിൻകാട് മൈതാനമെന്ന പൂരപ്പറമ്പും, അതിന്റെ തെക്കോട്ടിറക്കഭാഗവും, ഗോപുരവും ഒന്നും ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷെ തൃ ശൂർ പൂരത്തിന് ലോകം കാണുന്ന അഴക് ഉണ്ടാകുമായിരുന്നുവോ എന്ന കാര്യം സംശയമാണ്.

തൃശൂരെന്ന തൃശ്ശിവപേരൂരിന്റെ (ശിവപുരി) സിരാകേന്ദ്രമായ തേക്കിൻകാട് മൈതാ നം ഇക്കാലത്ത് സൗന്ദര്യവൽക്കരണത്തിന്റെ പേരിൽ കീറിമുറിക്കപ്പെട്ടിരിക്കുന്നു. ഇത്തവണത്തെ പൂരാഘോഷത്തിന് ജനം പൂരപറമ്പിൽ തിങ്ങിനിറയുമ്പോൾ ഒട്ടേറെ അസൗകര്യങ്ങൾ ഉണ്ടാകാനിടയുണ്ട്.

കോടികൾ ചിലവഴിക്കു ന്ന പൂരപ്പറമ്പിലെ സൗന്ദര്യവൽക്കരണം മൈതാനത്തെ വികൃതമാക്കുന്ന അവസ്ഥയിലായി മാറിയിരിക്കുകയാണ്. നിശ്ചിത പ്ലാനനുസരിച്ചുള്ള സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതാണ് കാരണം. ഇപ്പോൾ ഭൂരിഭാഗം തീർത്ത പണികളെല്ലാം പൂരത്തിരക്കിൽ വികൃതമാകാനിടയുണ്ട്. ഇതുമൂലം ഉണ്ടാകുന്ന നഷ്ടം, അഭംഗി തുടങ്ങി യവയൊക്കെ വളരെയേറെ.

പൂരം കഴിഞ്ഞ് തകരാറുകൾ ഉൾപ്പെടെ പരിഹരിച്ച് മൈതാന സൗന്ദര്യവൽക്കരണം കൃത്യമാക്കിയാൽതന്നെ, അവിടെ ജനം ശ്വാസം മുട്ടുന്ന അവസ്ഥയിലാകും. ഇപ്പോഴത്തെപോലെ മൈതാനത്ത് കൈയ്യും വീശി ഉല്ലസിച്ച് നടക്കാൻ ഒട്ടേറെ തടസ്സങ്ങൾ ഉണ്ടായിത്തീരും. പല സ്വകാര്യ ഇടപെടലുകളും പൂരപ്പറമ്പിലെ ഭംഗി വരുത്തലിന്റെ ഭാഗമായി ഉണ്ടാകുമെന്നാണ് സൂചന. അക്കാര്യത്തിൽ തന്നെ സൗന്ദര്യവൽക്കരണം അത്യാപത്തായി തീരുമെന്നാണ് പലരും പറയുന്നത്. അത് ബോധ്യമാകും വിധത്തിലാണ് മൈതാനത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

വൃത്തിയുള്ള വീഥികൾ, ഇരിപ്പിടം, ലൈറ്റ് സജ്ജീകരണം, പുല്ല് വെച്ച പ്രത്യേക തട്ടുകൾ, അലങ്കാര ചെടികൾ തുടങ്ങിയവ മൈതാന നവീകരണത്തിന്റെ ഭാഗമായി ഒരുക്കുന്നുണ്ട്. പണി പൂർത്തിയായാൽ തൃശൂരിന്റെ സ്വപ്ന സൗന്ദര്യഭൂമിയായി തേക്കിൻ കാട് മൈതാനം മാറുമെന്ന കാര്യത്തിൽ സംശയമില്ല.

പൂര സവിശേഷതയോടൊപ്പം തന്നെ പ്രാമാണിത്വമുള്ളതാണ് പൂരം പ്രദർശനവും. കാലത്തിന്റെ തിരതള്ളലിന്റെ ഭാഗമായി പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും പ്രദർശനം തൃശൂരിന്റെ തനിമയായി ഇപ്പോഴും നടക്കുന്നു. ഒരു കൂട്ടം സന്നദ്ധ പ്രവർത്തകരുടെ കൈമെയ് മറന്നുള്ള പ്രവർത്തനമാണ് പ്രദർശന വിജയത്തിനുപുറകിൽ.


പൂരം ആശംസകൾ....
hotel bharath
Chembottil Lane
TRICHUR - 680 001
Phone: 0487-2421720
hotelbharathtcr@gmail.com

With Best Compliments from:


KURUVATH
AUTO SERVICE STATION
GURUVAYOOR ROAD,
THRISSUR - 680004
PH: 9961454720
CAR INTERIOR WASH UNDERTAKEN

പൂരം ആശംസകൾ....
NEW KERALA TIME HOUSE
ROUND WEST, PAZHAYA NADAKKAVU,
THRISSUR
pbptcr@gmail.com Tel: 0487 2422563
Multi Branded Watch Showroom for
TITAN TIMEX fastrack FOSSIL CASIO CITIZEN

With Best Compliments From
A Well Wisher

EZA
GOLD & DIAMONDS
ERINJERY ANGADI, THRISSUR, KERALA
PH: 0487-2420019
9895090015



With Best Compliments from:
ALENGADEN'S A-K-P
A.K.P.
METALS & WARES
Post Office Road, THRISSUR
Ph: Off: 2425548, Fax: 2421089
Resi: 2427748, E-mail: alengaden@vsnl.com
Irinjalakuda:
A.K.P. METALS & ALLOYS (FACTORY)
CHRIST COLLEGE ROAD
ALLENGADENS VESSELS HOUSE,
TANA. Ph: 2826432, 2826430

ATF
അത്തം ഫ്ളവേഴ്സ്
Wholesale & Retail
Municipal Building
PATTURAIKKEL, THRISSUR
Ph: 0487 2333686, Mob: 9846033686
കല്യാണ മാലകൾ,
ബൊക്കെകൾഡെക്കറേഷൻ,
ഫ്രഷ് ഫ്ളവേഴ്സ്

കാരുണ്യ
കുറീസ് (P) ലിമിറ്റഡ്
Head Office: Karunya Chambers, Opp. Police Club,
HIGH ROAD, THRISSUR-680001.
Ph: 2442515. Branch Office: Faridabad
Chairman THOMAS KOLLANNUR
Managing Director JOSE A. KOLLANNUR

Jose Panthallookaran
Proprietor
Mob: 9847041046
9847321046
9447919850
CENTRAL CHICKEN
(Wholesale Chicken Merchants)
Panthallookaran Building, St. Mary's St, KURIACHIRA
Thrissur-6. Ph: 0847-2251209, 2251189, Resi: 2251089


2025
മെയ് 05
തിങ്കൾ

സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

പൂത്തോൾ, തൃശൂർ – 680004

Independent Daily

## 3 ഡോസ് പ്രതിരോധ വാക്സിൻ എടുത്തിട്ടും പേവിഷബാധ; 7 വയസ്സുകാരി മരിച്ചു, ഒരുമാസത്തിനിടെ 3 മരണം

തിരു: പ്രതിരോധ കുത്തിവെപ്പ് എടുത്തിട്ടും പേവിഷബാധ സ്ഥിരീകരിച്ച് എസ്എടി ആശുപത്രിയിൽ ചികിത്സയിൽ ആയിരുന്ന 7വയസ്സുകാരി മരിച്ചു. കൊല്ലം കുന്നിക്കോട് ജാസ്മിൻ മൻസിലിൽ നിയാ ഫൈസലാണ് മരിച്ചത്. വെന്റിലേറ്ററിന്റെ സഹായത്തോടെ ജീവൻ നില നിർത്തിവരികയായിരുന്നു. 3ഡോസ് വാക്സിൻ എടുത്തിട്ടും പേവിഷബാധയുണ്ടായതിൽ ആരോഗ്യവകുപ്പിനെതിരേ വിമർശനം ശക്തമാകുന്നതിനിടയിലാണ് കുട്ടിയുടെ മരണം.



കഴിഞ്ഞ ഏപ്രിൽ 8നാണ് വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടിക്ക് നായയുടെ കടിയേറ്റത്. മുറ്റത്തെ താറാവിനെ ലക്ഷ്യമിട്ട് വന്നതായിരുന്നു തെരുവുനായ. താറാവിനെ രക്ഷിക്കാൻ കുട്ടി അടുത്തേക്ക് ഓടിയെത്തിയതോടെ കൈമുട്ടിന് കടിയേൽക്കുകയായിരുന്നു. ഉടൻതന്നെ വീടിനു സമീപത്തെ വിളക്കുടി പ്രാഥമികാരോഗ്യകേന്ദ്രത്തിലെത്തിച്ച് പ്രതിരോധ കുത്തിവെപ്പ് എടുത്തിരുന്നു.

തുടർന്ന് ഏപ്രിൽ 11, 15 തീയതികളിലായി രണ്ടും മൂന്നും ഡോസ് കുത്തിവെപ്പും എടുത്തു. അവസാന ഡോസ് മേയ് 6ന് എടുക്കാനിരിക്കെയാണ് കുട്ടിക്കു പനി ബാധിച്ചത്. കടിയേറ്റ കൈമുട്ടിന്റെ ഭാഗത്ത് വേദനയും അനുഭവപ്പെട്ടു. തുടർന്ന് പുനലൂർ താലൂക്കാശുപത്രിയിലും വിദഗ്ധചികിത്സയ്ക്കായി എസ് എടിയിലും പ്രവേശിപ്പിക്കുകയായിരുന്നു.

കുട്ടിയുടെ മൃതദേഹം വീട്ടിലെത്തിക്കാതെ ഖബറടക്കം നടത്തും. ഉമ്മയെ ക്വാറന്റൈനിൽ പ്രവേശിപ്പിക്കും.

ഒരുമാസത്തിനിടെ സംസ്ഥാനത്ത് പേവിഷ ബാധയേറ്റ് മരണപ്പെടുന്ന കുട്ടികളുടെ എണ്ണം മൂന്നായി. ഏപ്രിൽ 9നാണ് പത്തനംതിട്ട പുല്ലാട് സ്വദേശി ഭാഗ്യലക്ഷ്മി (13) പേ വിഷബാധയേറ്റ് മരിക്കുന്നത്. വാക്സിൻ എടുത്തിട്ടും പേവിഷബാധ ഉണ്ടാകുകയായിരുന്നു. ഏപ്രിൽ 29ന് മലപ്പുറം തേഞ്ഞിപ്പലം സ്വദേശി സിയ ഫാരിസും (6) സമാനമായ പേവിഷ ബാധയേറ്റ് മരിച്ചു.

ഡിസംബറിൽ നായയുടെ കടിയേറ്റ് കോഴഞ്ചേരിയിലെ ജില്ലാ ആശുപത്രിയിൽ നിന്ന് കുത്തിവെയ്പ്പെടുത്ത ഭാഗ്യലക്ഷ്മിയുടെ മരണം 3 മാസത്തിന് ശേഷമായിരുന്നു. കുട്ടി അവസാനം ചികിത്സയിൽ കഴിഞ്ഞ സ്വകാര്യ ആശുപത്രിയിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പരിശോധിച്ചപ്പോഴാണ് പേവിഷബാധ സ്ഥിരീകരിക്കുന്നത്.

ഈ വർഷം സംസ്ഥാനത്ത് പേവിഷബാധയേറ്റ് മരിച്ചത് 13 പേരെന്നാണ് ആരോഗ്യവകുപ്പിന്റെ കണക്ക്. ഇതിൽ 6മരണങ്ങളും ഏപ്രിലിലാണ്. കഴിഞ്ഞ 5വർഷത്തിനിടെ 102 പേർക്കാണ് പേവിഷബാധമൂലം ജീവൻ നഷ്ടമായത്.

അതേസമയം, വാക്സിൻ സുരക്ഷിതമെന്നാണ് ആരോഗ്യവകുപ്പ് ആവർത്തിച്ച് പറയുന്നത്. വ്യത്യസ്ത ബാച്ചുകളിലുള്ളവയും സുരക്ഷിതമായി സൂക്ഷിച്ചിരുന്നതാണെന്നാണ് പ്രാഥമിക റിപ്പോർട്ട്.

### കാശ്മീരിൽ ഭീകരർക്ക് ഭക്ഷണവും സഹായവും നൽകിയ യുവാവ് പുഴയിൽ മുങ്ങിമരിച്ചു

ശ്രീനഗർ: ഭീകരർക്ക് സഹായവും ഭക്ഷണവും നൽകിയതിന് പൊലീസ് കസ്റ്റഡിയിലെടുത്ത യുവാവ് പുഴയിൽ മുങ്ങിമരിച്ചു. ജമ്മു കാശ്മീരിലെ കുൽഗാമിലാണ് സംഭവം. ഇംതിയാസ് അഹമ്മദ് മഗ്രെ എന്ന 23കാരനാണ് സുരക്ഷാ സേനയ്ക്കൊപ്പം വരവെ രക്ഷപ്പെടാനായി പുഴയിലേക്ക് ചാടിയത്. എന്നാൽ ശക്തമായ കുത്തൊഴുക്കുള്ള പുഴയിൽ ഇയാൾ മുങ്ങിത്താഴുകയായിരുന്നു. സംഭവത്തിന്റെ ഡ്രോൺ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

കുൽഗാമിലെ നംഗ്മാർഗിൽ വനത്തിൽ ഒളിച്ചിരിക്കുകയായിരുന്ന ഭീകരർക്ക് ഇംതിയാസ് ഭക്ഷണവും വേണ്ട സൗകര്യവും നൽകിയിരുന്നു. തുടർന്ന് ശനിയാഴ്ച ഈ വിവരമറിഞ്ഞെത്തിയ പൊലീസ് ഇംതിയാസിനെ കസ്റ്റഡിയിലെടുത്തു. ചോദ്യം ചെയ്യലിൽ താൻ സഹായിച്ചവിവരം ഇംതിയാസ് അഹമ്മദ് സമ്മതിച്ചു. മാത്രമല്ല സുരക്ഷാസേനയെ തീവ്രവാദികൾ ഒളിച്ചിരിക്കുന്നയിടത്ത് കൊണ്ടുപോകാമെന്നും ഇയാൾ അറിയിച്ചു.

## തൃശൂർ പൂരത്തിനോടനുബന്ധിച്ച് സ്പെഷ്യൽ പട്രോളിങ്ങ് 15 ഓളം മോഷ്ടാക്കൾ പിടിയിൽ

തൃശൂർ: പൂരത്തിനോടനുബന്ധച്ച് ആൻറി സോഷ്യൽ ആക്ടിവിറ്റി നടത്തുന്നവരെ കണ്ടെത്തുന്നതിനായുള്ള സ്പെഷ്യൽ ഡ്രൈവിൽ 4 പേർ കൂടി പിടിയിൽ ഇതോടെ 15 മോഷ്ടാക്കളാണ് സ്പെഷ്യൽ ഡ്രൈവിൽ റിമാൻറിലായത്.

ശക്തൻ സ്റ്റാൻഡ് പരിസരത്തുനിന്നും മൊബൈൽ മോഷണം നടത്തിയ കുഴൽമന്ദം ചാത്തന്നൂർ സ്വദേശിയായ വടപ്പിള്ളി വീട്ടിൽ ശിവശങ്കരപണിക്കർ (62) നിലമ്പൂർ കുന്നുമേപ്പട്ടി സ്വദേശിയായ ചെമ്പിൽ വീട്ടിൽ ഷമീർ (32), കണ്ണൂർ വളപ്പട്ടണം സ്വദേശിയായ പഴയ കല്യാളവളപ്പിൽ വീട്ടിൽ ഷാഹിർ (38), മലപ്പുറം പുതിയകടപ്പുറം സ്വദേശിയായ അരിയൻെറ പുരയ്ക്കൽ വീട്ടിൽ സുഫിയാൻ (24) എന്നിവരെയാണ് ഈസ്റ്റ് പോലീസ് പിടികൂടിയത്. അന്വേഷണത്തിൽ പ്രതികൾക്ക് വിവിധ സ്റ്റേഷനുകളിലായി 24 ഓളം കേസുകളുണ്ടെന്നും വ്യക്തമായിട്ടുണ്ട്.


കൂടാതെ സിറ്റി പോലീസ് കമ്മീഷണർ ഇളങ്കോ ആർ ഐ പി എസിൻെറ നിർദ്ദേശത്തിൽ അസിസ്റ്റൻറ് കമ്മീഷണർ സലീഷ് എൻ ശങ്കരന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ പട്രോളിങ്ങ് ടീം കഴിഞ്ഞദിവസങ്ങളിലായി 11 മോഷ്ടാക്കളെ പിടികൂടി റിമാന്റ് ചെയ്തിരുന്നു. തൃശൂർ പൂരവുമായി ബന്ധപ്പെട്ടുള്ള സ്പെഷ്യൽ പട്രോളിങ്ങ് ടീം നഗരത്തിൽ തുടരുമെന്നും പോലീസ് കമ്മീഷണർ ഇളങ്കോ ആർ അറിയിച്ചു. അന്വേഷണ സംഘത്തിൽ ഈസ്റ്റ് പോലീസ് ഇൻസ്പെക്ടർ ജിജോ എം. ജെ, സബ് ഇൻസ്പെക്ടർ ബിപിൻ പി നായർ, സീനിയർ സിവിൽ പോലീസ് ഓഫീസർ ഗിരീഷ്, സിവിൽ പോലീസ് ഓഫീസർമാരായ സൂരജ്, അജ്മൽ എന്നിവരും ഉണ്ടായിരുന്നു.

### കാറും, ഓട്ടോയും കൂട്ടിയിടിച്ച് ഓട്ടോ ഡ്രൈവർക്ക് പരിക്ക്

കേച്ചേരി: കേച്ചേരി – പന്നിത്തടം റോഡിൽ കാറും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ഓട്ടോ ഡ്രൈവർ കൈപ്പറമ്പ് സ്വദേശി പുത്തൻപുരയ്ക്കൽ വീട്ടിൽ നാരായണൻ മകൻ ഉണ്ണിക്കുട്ടൻ(40)ന് പരിക്കുപറ്റി. നാരായണനെ കേച്ചേരി ആക്ട്സ് പ്രവർത്തകർ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## അതിവേഗ റഫാൽ പോർവിമാനങ്ങൾ സജ്ജം; നിർദേശം ലഭിച്ചാലുടൻ തിരിച്ചടിക്കൊരുങ്ങി വ്യോമ, നാവിക സേനകൾ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച പാകിസ്താന് കനത്ത തിരിച്ചടി നൽകാൻ വ്യോമ, നാവിക സേനകൾ സജ്ജമെന്ന് റിപ്പോർട്ട്. സർക്കാരിന്റെ നിർദേശം ലഭിച്ചാലുടൻ പാകിസ്താന് കനത്ത തിരിച്ചടി നൽകുമെന്ന് പ്രതിരോധ മന്ത്രാലയ വൃത്തങ്ങൾ വ്യക്തമാക്കി.




കഴിഞ്ഞദിവസം വ്യോമ സേനാ മേധാവി എയർ മാർഷൽ എ.പി. സിങ്ങും നാവിക സേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വെവ്വേറെ കണ്ടിരുന്നു. ഈ കൂടിക്കാഴ്ചകളിലാണ് പാകിസ്താനെതിരായ സൈനിക നടപടികൾക്ക് സേനാവിഭാഗങ്ങൾ സജ്ജമാണെന്ന് സേനാ മേധാവികൾ പ്രധാനമന്ത്രിയെ ധരിപ്പിച്ചത്. കൂടിക്കാഴ്ചയെ സംബന്ധിച്ച് ഔദ്യോഗികമായ വാർത്താക്കുറിപ്പുകൾ സർക്കാർ ഇറക്കിയിട്ടില്ല.

ഇതിനിടെ അതിവേഗ ആക്രമണത്തിന് വ്യോമസേനാ റഫാൽ പോർ വിമാനങ്ങൾ സജ്ജമാക്കിയെന്ന റിപ്പോർട്ടുകളും പുറത്തുവന്നു. റഫാൽ പോർ വിമാനങ്ങളിൽനിന്ന് സ്കാൽപ്പ്, മീറ്റിയോർ, ഹാമ്മർ മിസൈലുകൾ ലക്ഷ്യസ്ഥാനത്തേക്ക് തൊടുക്കാൻ കഴിയും. 450 കിലോ പോർമുന വഹിച്ച് 300 കിലോമീറ്റർ ദൂരത്തിൽ ആക്രമണംനടത്താൻ ശേഷിയുള്ളതാണ് റഫാലിൽനിന്ന് തൊടുക്കാൻകഴിയുന്ന എയർ-ടു-ഗ്രൗണ്ട് സ്കാൽപ്പ് മിസൈലുകൾ. 120 മുതൽ 150 കിലോമീറ്റർ ദൂരത്തിൽ പ്രഹരിക്കാൻ ശേഷിയുള്ളതാണ് എയർ-ടു-എയർ മീറ്റിയോർ മിസൈലുകൾ. പാകിസ്താൻ യുദ്ധവിമാനങ്ങളെ നേരിടാൻ റഫാൽ യുദ്ധവിമാനങ്ങൾക്ക് ഇതിലൂടെ സാധിക്കും.

ഇതിനിടെ പടിഞ്ഞാറൻ മേഖലയിലെ എയർ ബേസുകളിലെ ഓപ്പറേഷൻ റെഡിനെസ്സ് പ്ലാറ്റ്ഫോമുകളുടെ എണ്ണം വ്യോമസേന വർദ്ധിപ്പിച്ചു. ഇതോടെ എപ്പോൾ വേണമെങ്കിലും ടേക് ഓഫ് ചെയ്യാൻ പാകത്തിന് മിസൈലുകൾ ഉൾപ്പടെ സജ്ജമാക്കിയ രണ്ടോ മൂന്നോ പോർ വിമാനങ്ങൾ എയർ ബേസിന് സമീപത്തെ ഈ പ്ലാറ്റ്ഫോമുകളിൽ സജ്ജമാക്കി നിറുത്തിയിരിക്കുകയാണ്. അതിർത്തിയിൽ വ്യോമസേനാ വിമാനങ്ങൾ നിരന്തരം പട്രോളിങ്ങും നടത്തുന്നുണ്ട്.

നാവികസേനയും തിരിച്ചടിക്ക് സജ്ജമായി അറബ്യേൻ കടലിൽ യുദ്ധ കപ്പലുകൾ വ്യന്യസിച്ചിട്ടുണ്ട്. സമുദ്ര പട്രോളിങ് വിമാനങ്ങളും കപ്പൽ സഹായക വിമാനങ്ങളുമുള്ള വെസ്റ്റേൺ ഫ്ളീറ്റിന്റെ എല്ലാ പ്രവർത്തനക്ഷമമായ മുൻനിര യുദ്ധക്കപ്പലുകളും കടലിൽ ഉണ്ടെന്നാണ് റിപ്പോർട്ട്.

### സാമ്പിളിനിടെ ഫയർഫോഴ്സ് ഉദ്യോഗസ്ഥന്റെ തലക്ക് പരുക്ക്

തൃശൂർ : തൃശൂർപൂരം സാമ്പിൾ വെടിക്കെട്ടിനിടെ ഫയർ ഫോഴ്സ് ഉദ്യോഗസ്ഥന്റ് തലക്ക് പരുക്ക്. വെടിക്കെട്ട് സാമഗ്രിയുടെ അവശിഷ്ടം തലയിൽ വീഴുകയായിരുന്നു. പരുക്ക് സാരമുള്ളതല്ല. വൈകീട്ട് ഏഴരമണിയോടെ തിരുവമ്പാടിയാണ് ആദ്യം സാമ്പിൾ വെടിക്കെട്ടിന് തിരികൊളുത്തിയത്.






# മഹാപൂരം

ചന്ദ്രശേഖരൻ, കൊടകര



**വി**ശ്വപ്രസിദ്ധമായ തൃശൂർ പൂരം ഒരിക്കൽകൂടി. നാട് പൂരലഹരിയിൽ.

പൂരപ്രൗഢി വർണ്ണനാധീതമാണ്. പൗരവൃന്ദത്തിന്റെ ഏക മന:സംഗമം ആകുന്നു തൃശൂർ പൂരം. ഇതിന് പകരം മറ്റൊന്നില്ല.

ഗജവീരന്മാരെ കോലം, നെറ്റിപ്പട്ടം, വെഞ്ചാമരം, ആലവട്ടം തുടങ്ങിയവയാൽ ചമയിച്ച് പകലാർക്കന്റെ പ്രഭയാലും, രാത്രി തീവെട്ടിപന്തവിളക്കിൻ പ്രഭയാലും നടക്കുന്ന എഴുന്നള്ളിപ്പ് ചടങ്ങുകൾ അനിർവചനീയം തന്നെ.

പഞ്ചവാദ്യം എന്ന കേരളത്തിന്റെ തനത് വാദ്യകല, അതിന്റെ നാദതാളലയത്തിൽ പ്രകമ്പനം കൊള്ളുമ്പോൾ ജനലക്ഷങ്ങളിൽ ഉണ്ടാകുന്ന അവാച്യാനുഭൂതി അനുഭവിച്ചറിയുക തന്നെ വേണം.

മേളവിസ്മയത്തിനു പുറമെ അതിഗംഭീരമാണ് തൃശൂർ പൂരത്തിന്റെ തെക്കോട്ടിറക്കവും, കുടമാറ്റവും. തൃശൂർ പൂരത്തിനെത്തുകയും, കുടമാറ്റം ജനത്തിരക്കിനിടയിൽ നിന്ന് കണ്ടാസ്വദിക്കുകയും ചെയ്തില്ലെങ്കിൽ പിന്നെ എന്ത് കാഴ്ച എന്നാണ് പൊതുവെ ചോദിക്കുക.

കൊടും ചൂടിൽ ചൂട് മറന്ന് പുരുഷാരം ഒന്നിക്കുന്ന മഹാപൂരമായ തൃശൂർ പൂരത്തിന്റെ ചടങ്ങുകൾ നിരവധിയാണ്.




ചെറുപൂരങ്ങളുടെ ആചാരപരമായ വരവ്, മുഖ്യപങ്കാളികളായ പാറമേക്കാവ്, തിരുവമ്പാടി ദേവസ്വങ്ങളുടെ എഴുന്നള്ളിപ്പുകൾ, കൊടികയറ്റം, വെടിക്കെട്ട്, ചമയപ്രദർശനം, എക്സിബിഷൻ, പൂരത്തിന്റെ പ്രധാനമായ വടക്കുംനാഥ ക്ഷേത്രാങ്കണത്തിലെ ഇലഞ്ഞിത്തറ മേളം, പൂരം പിറ്റേന്ന് സമാപനമായി പാറമേക്കാവ്-തിരുവമ്പാടി വിഭാഗങ്ങളുടെ ഉപചാരം ചൊല്ലി വിടപറയൽ തുടങ്ങിയവ എത്ര കണ്ടാലും മതിയാകില്ല.

പൂരപന്തലുകൾ, ആനചമയ പ്രദർശനം, വർണ്ണകുടകളുടെ ഒരുക്കം എന്നിവയും പൂരത്തിന്റെ നയനാനന്ദകരമായ കാഴ്ചകളാകുന്നു.

കേരളത്തിലെ പൂരങ്ങൾ പോലെ, പ്രത്യേകിച്ച് തൃശൂർ പൂരം പോലെയുള്ള ഒരു കാഴ്ച ലോകത്ത് വേറെ ഉണ്ടോ എന്ന കാര്യത്തിൽ സംശയമാണ്. ഇതിന് സാക്ഷ്യമായി തൃശൂർ പൂരത്തിനെത്തുന്ന വിദേശികളുടെ സാന്നിദ്ധ്യവും അവരുടെ പങ്കുവെയ്പ്പും.

മനുഷ്യന് മെരുങ്ങുന്ന വന്യമൃഗമായ ഗജവീരന്മാരെ അഴകോടെ ഒരുക്കി നിർത്തിയുള്ള ആഘോഷത്തനിമ ഒന്നുമാത്രം മതി തൃശൂർ പൂരത്തെ പൂരങ്ങളുടെ പൂരമാക്കി മാറ്റുന്നതിന് കാരണം.



പൂരത്തിന് തൃശൂരിലെ വീടുകളിലൊരുക്കുന്ന സദ്യ, ബന്ധു-സുഹൃദ് ജനസംഗമം, പാറമേക്കാവ്-തിരുവമ്പാടി ദേവസ്വങ്ങളുടെ പൂരക്കഞ്ഞി വിതരണം എന്നിവയും പൂരമഹത്വങ്ങളാകുന്നു.

ജനലക്ഷങ്ങൾ തിങ്ങിനിറയുന്ന തൃശൂർ സ്വരാജ് റൗണ്ടിന്റെ മദ്ധ്യത്തിലെ പൂരപറമ്പിൽ ഒരുക്കുന്ന തൃശൂർ പൂരത്തിന്റെ വൻ വെടിക്കെട്ട് കാണേണ്ടതുതന്നെ. തിരക്കുള്ള നഗര ഇടമായിട്ടും അപകടം ഇല്ലാതെ വൻ വെടിക്കെട്ട് നടത്തുന്നു എന്നത് വലിയൊരു കാര്യംതന്നെ. തൃശൂർ പൂരം വെടിക്കെട്ട് കാണുക എന്നത് ലോകരുടെ വികാരമാണ്. മറ്റ് പല പ്രധാന ഉത്സവങ്ങൾക്കും വൻ വെടിക്കെട്ട് ഉണ്ടാകുമെങ്കിലും തൃശൂർ പൂരം വെടിക്കെട്ട് കണ്ടാൽ മാത്രമെ വെടിക്കെട്ട് കണ്ടു എന്ന തോന്നിൽ ജനങ്ങൾക്ക് ഉണ്ടാവുകയുള്ളൂ. അങ്ങിനെ വർണ്ണനാതീതമായ ഘടകങ്ങളാലുള്ള പൂരത്തിന്റെ വികാരം ഉൾക്കൊള്ളാൻ എവിടെ ആയിരുന്നാലും ഏതുവിധേനയെങ്കിലും പൂരം കണ്ടാസ്വദിക്കുക എന്നത് തൃശൂർക്കാരന്റെ ത്രില്ലായിമാറിയിരിക്കുന്നു.

അതിനാൽ തന്നെ തൃശൂർ പൂരം മഹാപൂരമായി കാലാതീതം എന്ന തരത്തിൽ നില കൊള്ളുന്നു.

## വ്യവഹാരം

കവിത



'ചേട്ടാ എവിടെയാ' അരമണി
ക്കൂറിനുള്ളിലെത്തും.
മണി പതിനൊന്നായി
കോടതികൂടിയിട്ടുണ്ടാകും.

'ഏതാ വിളിക്കുന്നത്'
സെഷൻസ് ആയിട്ടുള്ളൂ
ജൂനിയർ അഭിഭാഷക
ചുണ്ടനക്കി.

കക്ഷിയും ഗുമസ്തനും
ഒരുമിച്ചു കണ്ടപാടെ
ഹർജി അഫിഡവിറ്റിൽ ഒപ്പ്
നിരത്തി കക്ഷി കോടതി
വരാന്തയിലോട്ട് നടന്നകന്നു.

അപ്പോഴേക്കും കേസ്
വിളിച്ചു മാറ്റിവച്ചിരുന്നു.
കക്ഷിയൊരു
മധ്യവയസ്കനും
ഉപജീവനമാർഗമൊരു-
ചായപ്പീടികയുമാണ്.
നരച്ച താടിരോമങ്ങൾ, മുഷിഞ്ഞ
വസ്ത്രം പോൽ തന്നെ
ക്ഷീണം ആനനത്തിലും
ഘനീഭവിച്ചിരുന്നു.

കോടതിമുറിയിലെ
ഘടികാരമണികൾ ഉച്ചയിൽ
എത്തിനിൽക്കുന്നു.
'ഇനിയെപ്പോഴ? ഉച്ചകഴിയും'.

നീണ്ടശ്വാസം കോടതിമുറ്റത്ത്
അലഞ്ഞു തിരിഞ്ഞു നടന്നു.
സമയം മൂന്ന് മണി. ബെല്ല്
മുഴങ്ങി , സാക്ഷിക്കൂട്ടിൽ
സാക്ഷി വിസ്താരം, മൊഴി
വള്ളിപുള്ളി വിടാതെയെഴുതി
ചേർക്കുന്ന തിരക്കിൽ
ന്യായാധിപൻ.

സാക്ഷിക്കൂട്ടിൽ നിന്നിറങ്ങിയ
കക്ഷിതൻ വിയർപ്പിൻ
ഗന്ധമെന്നിൽ വലയം
വെച്ചിരുന്നു. ചുരുട്ടിപ്പിടിച്ച
നോട്ടുകളെടുത്ത് തന്റെ
കയ്യിലേക്ക് വെച്ചുനീട്ടിയൊരു
ചോദ്യം ! കേസെന്നു
തീരും! ഗുമസ്തനൊരു
വിവശ നോട്ടം കൊടുത്തു,
ഉത്തരമതിലുണ്ട്താനും....

**-കമർസമാൻ-**


SAROJA SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

പുതിയതായി ചാർജെടുത്ത ഡോക്ടർമാർ
ജനറൽ മെഡിസിൻ
ഡോ. ശ്രീകുമാർ തെക്കൂട്ട്, എം.ഡി
സമയം 12.30 – 2 PM
ഡോ. നവീൻ സുധാകരൻ, എം.ഡി
സമയം 3 – 6 PM
പൾമനോളജി
ഡോ. നിവേദ്യ വേണുഗോപാൽ
എംബിബിഎസ്, ഡി.ടി.സി.ഡി
ചൊവ്വ, വ്യാഴം, ശനി – 9.30 – 11.30 AM
ബുക്കിംഗിന് - 0487 -2325185, 7356399116

57 YEARS OF CARE AND TRUST
വർഷത്തെ സേവനപാരമ്പര്യവുമായി
സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com
SAROJA NURSING HOME THRISSUR

108 വർഷത്തെ വിശ്വസ്ത സേവനപാരമ്പര്യം
108 വർഷത്തെ വിശ്വസ്ത സേവനപാരമ്പര്യം
വസ്തു വായ്പ 50 ലക്ഷം വരെ
സ്വർണ്ണപണയ വായ്പ 25 ലക്ഷം വരെ
എല്ലാ ബ്രാഞ്ചുകളിലും ലോക്കർ സൗകര്യം
മിതമായ നിരക്കിൽ A/C, Non A/C ഹാളുകൾ
ഇന്ത്യ മുഴുവനും RTGS/NEFT സൗകര്യം
ATM/SMS ബാങ്കിങ്ങ്
ടി.വി. സുരേഷ് പ്രസിഡന്റ്
സി.ജെ. സഞ്ജു സെക്രട്ടറി
ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്
കൂർക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പ്ര് 36
Estd. 1917
HO: കൂർക്കഞ്ചേരി തൃശൂർ 680007
Ph: 2422010, 2225445 koorkancheryscb36@gmail.com

പൂരാശംസകൾ
ജോസ് കൂനംപ്ലാക്കൽ
കളിയത്ത് റോയൽ സ്ക്വയർ, റൂം നമ്പർ 19.
Ph: Off: 2331109,
Resi: 2424381

With Best Compliments From
A Well Wisher

കാണിപ്പയ്യൂർ പഞ്ചാംഗം പുസ്തകശാല
കോഴിക്കോട് റോഡ്, കുന്നംകുളം – 680503
ഓഫീസ് ഫോൺ: 04885 – 222810, പ്രസ്: 221990, വീട്: 227990
സംസ്കൃത-വാസ്തു ശാസ്ത്ര ജ്യോതിഷ, ആയുർവേദ, വൈദീക പുസ്തകങ്ങൾ
Visit us: http:kanippayyur.in
പണ്ഡിതരാജൻ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഇരുന്നൂറോളം പ്രസിദ്ധീകരണങ്ങൾ
E Mail: panchangam@bsnl.in

പൂരം ആശംസകൾ...
കൊള്ളന്നൂർ ദേവസ്സി സൺസ്
* തൃശൂർ * കൊച്ചി
* കോഴിക്കോട്

അരണാട്ടുകര ഓറിയന്റൽ സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 171
AOSC BANK
പി.ഒ. അരണാട്ടുകര, തൃശൂർ – 680 618. ഫോൺ : 2380201
ബ്രാഞ്ച് : വെസ്റ്റ്ഫോർട്ട് ഫോൺ : 2970810
എക്സ്റ്റൻഷൻ കൗണ്ടർ : ഒളരിക്കര ഫോൺ : 2361337
◇ വസ്തുവായ്പ ലളിതമായ ജാമ്യവ്യവസ്ഥയിൽ
◇ സ്വർണ്ണപണയവായ്പ മിതമായ പലിശനിരക്കിൽ
◇ ലോക്കർ സൗകര്യം ലഭ്യമാണ്
◇ SMS Banking, Core Banking
◇ RTGS, NEFT സൗകര്യം ലഭ്യമാണ്
◇ അംഗങ്ങൾക്ക് മരണാന്തരസഹായം 5000/- രൂപ നൽകി വരുന്നു
അഡ്വ. ബി.ജെ. ബിമൽ പ്രസിഡന്റ്
കെ. മനീഷ് സെക്രട്ടറി

Denny T. Devassy
Mob: 9847473667
Off: 9526646622
CHARGE
EXIDE BATTERIES
Authorised Dealer for Exide Industries Ltd.
U.P.S. & Invertor, Solar Invertor SALES - SERVICE
PALISSERY, P.O. PALAKKAL (Opp. Dhanalakshmi Bank)
(Ammadam - Kodannur Road)

PVG
P.V. GOPI
DOCUMENT WRITER
Kerala State Licensee L.No. CDA 39 CSA
Sivasailam Apartments, Marath Lane, M.G. Road, THRISSUR. Ph: Offi - 0487 2335473, 6541653, 6541654. Res - 0487 2321798, 6541652

പൂരം ആശംസകൾ....
City - Tailors
Palace Road, Thrissur, Ph: 2331434
Delivery on after 6.30 p.m. to 7.30 p.m.

പൂരാശംസകൾ...
ബെസ്റ്റ് ഫ്ളോറിങ്ങ്സ് (പ്രൈവറ്റ്) ലിമിറ്റഡ്
ഗുരുവായൂർ റോഡ്, പൂങ്കുന്നം, തൃശൂർ. ഫോൺ: 2382236
ഗ്രാനൈറ്റ്, കടപ്പ, മൊസൈക്ക് ചിപ്സ് & പൗഡർ, എൻഗ്രേവിങ്ങ്
എന്നീ ആധുനിക ഫ്ളോറിംഗ് വർക്കുകൾക്ക് വിശ്വസ്ത സ്ഥാപനം

# തൃശൂർ പൂരം പ്രദർശനം-2025




തൃശൂർ പൂരത്തോടനുബന്ധിച്ച് എല്ലാ വർഷവും ഏപ്രിൽ-മെയ് മാസങ്ങളിലായി വടക്കുന്നാഥൻ ക്ഷേത്ര മൈതാനത്തിന്റെ വടക്കുകിഴക്കെ ഭാഗത്തുനടത്തിവരാറുള്ള തൃശൂർ പൂരം പ്രദർശനം മാർച്ച് 22ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. മെയ് അവസാന വാരത്തിൽ സമാപിക്കും. മെയ് 6, 7 തിയ്യതികളിലാണ് ഇക്കൊല്ലത്തെ തൃശൂർ പൂരം. ഇക്കൊല്ലത്തെ പ്രദർശനം തിരുവമ്പാടി-പാറമേക്കാവ് ദേവസ്വങ്ങളുടെ ആഭിമുഖ്യത്തിലുള്ള 62-ാമത്തെ പ്രദർശനമാണ്.

**മുൻകാല ചരിത്രം**

1964ൽ ആണ് ദേവസ്വങ്ങളുടെ ആഭിമുഖ്യത്തിൽ ആദ്യ പ്രദർശനം നടന്നത്. പ്രദർശനത്തെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കാൻ നഗരസഭ സർക്കാരിനു ശുപാർശ ചെയ്തിരുന്നു. ജി. എസ് ടി നിലവിൽ വന്നതിനുശേഷം നഗരസഭക്കോ, സംസ്ഥാന സർക്കാരിനോ നികുതിയിളവ് തരുവാൻ അനുവാദം ഇല്ലാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പൂരം എക്സിബിഷൻ ടിക്കറ്റുകൾക്ക് ജി എസ് ടി ബാധകമാണ്.

ആണ്ടുതോറും രൂപീകരിക്കുന്ന പ്രദർശന കമ്മിറ്റിയിൽ തൃശൂരിന്റെ സമൂഹജീവിതത്തിലെ വിവിധ മണ്ഡലങ്ങൾക്ക് പ്രാതിനിധ്യമുണ്ട്. നഗരസഭയുടെ സജീവ സഹകരണത്തോടെയും കൊച്ചി ദേവസ്വം ബോർഡിന്റെ ധാർമ്മിക പിന്തുണയോടെയും നടത്തിവരുന്ന ഈ പ്രദർശനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണങ്ങളും നിർലോപമായി ലഭിച്ചുവന്നിട്ടുണ്ട്.

കൊച്ചി ദേവസ്വം ബോർഡിന് പ്രദർശന ഗ്രൗണ്ടിന് കൊടുക്കേണ്ട വാടക സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ നിലവിലെ 42 ലക്ഷം രൂപ വാടക തന്നെ തുടരുവാൻ സമവായത്തിലെത്തിയിട്ടുണ്ട്. അതിനുപുറമെ വാഹന പാർക്കിംഗ്, നടത്തിപ്പവകാശം ബോർഡിന്റെ താൽപര്യ പ്രകാരം അവരിൽ നിക്ഷിപ്തമാക്കി. ഇതിനു പുറമെ വടക്കുന്നാഥൻ ക്ഷേത്രവുമായി ബന്ധപ്പെട്ട പല പദ്ധതികൾക്കും ധനസഹായം നൽകാറുണ്ട്. പൂരത്തിനെത്തുന്ന വിദേശീയരായ വിനോദ സഞ്ചാരികൾക്ക് വേണ്ടിയുള്ള തെക്കെ ഗോപുരനടയിലെ പ്രത്യേക ഇരിപ്പിടം, വിഷ്വൽ മീഡിയക്ക് വേണ്ട സ്റ്റാന്റുകൾ, പോലീസ് കൺട്രോൾ റൂം, റൗണ്ടിനു ചുറ്റുമുള്ള പബ്ലിക് അഡ്രസ്സ് സിസ്റ്റം, കുറ്റകൃത്യങ്ങൾ പെട്ടെന്ന് കണ്ടെത്താൻ സഹായകമായ സി സി ടി വി സംവിധാനം, പോലീസുകാർക്കുള്ള ഭക്ഷണം, പൂരത്തോടനുബന്ധിച്ച് വടക്കുന്നാഥൻ ക്ഷേത്രത്തിന്റെ കിഴക്കുപടിഞ്ഞാറു ഗോപുരങ്ങളിലും പടിഞ്ഞാറെ നടവഴിയിലും വൈദ്യുതാലങ്കാരങ്ങൾ എന്നിവയുടെ ചിലവുകൾ വഹിക്കുന്നതും പ്രദർശന കമ്മിറ്റിയാണ്. തൃശൂർ പൂരത്തിൽ പങ്കെടുക്കുന്ന 8 ഘടക പൂരങ്ങൾക്ക് 2 ദേവസ്വങ്ങളും ആനയും ചമയങ്ങളും ആനക്കാർക്കും വാദ്യക്കാർക്കുമുള്ള ഭക്ഷണവും നൽകിവരുന്നതിനു പുറമെ പ്രദർശന കമ്മിറ്റിയിൽ നിന്ന് 3 ലക്ഷം രൂപ സഹായധനമായും നൽകുന്നുണ്ട്.

**ഇരുദേവസ്വങ്ങളും പൂരവും**

പൂരം നടത്തിപ്പിന് ഇരു ദേവസ്വങ്ങളും രണ്ടര കോടിയോളം രൂപ വീതം കണ്ടെത്തേണ്ടതുണ്ട്. പൂരത്തിനു വരുന്ന ചിലവിന്റെ നല്ലൊരു ഭാഗം പ്രദർശനത്തിൽ നിന്നാണ് ലഭിക്കുന്നത്.

പ്രദർശനത്തിൽ നിന്നുള്ള വരുമാനം നിലച്ചാൽ തൃശൂർ പൂരം ആഘോഷപൂർവ്വം നടത്താനാവില്ല. പൂരമില്ലെങ്കിൽ പ്രദർശനം വിജയിക്കുകയുമില്ല. പൂരവും പ്രദർശനവും പരസ്പര പൂരകങ്ങളാണ്.

**വൈദ്യുതിയും വെള്ളവും**

പ്രദർശനത്തിന്റെ പേരിൽ നഗരത്തിലെ വൈദ്യുതി വിതരണത്തിന് കുറവ് സംഭവിക്കാതിരിക്കാൻ വേണ്ടി, പീക്ക് മണിക്കൂറുകളിൽ പ്രദർശന നഗരിയിൽ ആവശ്യം വരുന്ന വൈദ്യുതി, ജനറേറ്റർവഴി ഉൽപ്പാദിപ്പിക്കുകയാണ്. വെള്ളത്തിന്റെ കാര്യത്തിലും പൊതുജലവിതരണ സംവിധാനത്തെ ബാധിക്കാതിരിക്കാൻ വടക്കെച്ചിറയിൽ നിന്നും പാറമേക്കാവ് ക്ഷേത്രക്കുളത്തിൽ നിന്നുമാണ് ആവശ്യമുള്ള വെള്ളത്തിന്റെ 95 % കൊണ്ടുവരുന്നത്.

**ഇക്കൊല്ലത്തെ പ്രദർശനം**

180ൽപരം സ്റ്റാളുകളുടെ 70 ലധികം പവിലിയനുകളുമാണ് ഈ വർഷം പ്രദർശന നഗരിയിൽ സജ്ജമാക്കിയിട്ടുള്ളത്. ഐ എസ് ആർ ഒ, ബി എസ് എൻ എൽ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കേരള പോലീസ്, എക്സൈസ് വകുപ്പ്, എൻ സി സി ഹോമിയോ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കാർഷിക സർവ്വകലാശാല, വെറ്ററിനറി യൂണിവേഴ്സിറ്റി, പി ആർ ഡി തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളെല്ലാം ഇത്തവള പവിലിയനുകളൊരുക്കിയിട്ടുണ്ട്. പ്രതിരോധ മന്ത്രാലയവും ഗുരുവായൂർ ദേവസ്വവും ജൂബിലി മിഷൻ മെഡിക്കൽ കോളേജും ഈ വർഷവും പവിലിയനുകൾ ഒരുക്കിയിട്ടുണ്ട്.

തിരുവമ്പാടി-പാറമേക്കാവ് ദേവസ്വങ്ങളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ വിവരാധിഷ്ഠിത സ്റ്റാളുകളും ഈ വർഷം പ്രദർശന നഗരിയിലുണ്ട്. റോബോട്ടിക്സ് എനിമൽസിന്റെ പ്രദർശനവും സൂപ്പർ റിയാലിറ്റി 5-ഡി ഡോം തിയ്യറ്ററും ഇത്തവണത്തെ പ്രത്യേക ആകർഷണങ്ങളാണ്. ഇതിനു പുറമെ നിരവധി സ്വകാര്യ സ്ഥാപനങ്ങളും പവിലിയനുകളൊരുക്കിയിട്ടുണ്ട്. വ്യാപാര സ്റ്റാളുകൾക്ക് അഖിലേന്ത്യാ പ്രാതിനിധ്യമുണ്ട്. കുട്ടികൾക്ക് വേണ്ടി വിനോദോപാധികളുടെ വിപുലമായ ഒരു സംവിധാനവും ഒരുക്കിയിട്ടുണ്ട്. പൊടിശല്യം ഒഴിവാക്കാൻ സ്റ്റാളുകളും സന്ദർശക വഴികളും പ്ലാറ്റ് ഫോമടിച്ച് കാർപറ്റ് വിരിച്ചിട്ടുണ്ട്.

**കലാസന്ധ്യകൾ**

ദിനംപ്രതി വൈകുന്നേരം ഓഡിറ്റോറിയത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറുന്നുണ്ട്.

തൃശൂർ പൂരവും പൂരം പ്രദർശനവും വിജയകരമാക്കാൻ, മുൻകാലങ്ങളിൽ നൽകിയിരുന്നതുപോലെ നിങ്ങളുടെ എല്ലാവരുടെയും സഹായ സഹകരണങ്ങൾ ഇത്തവണയും ഉണ്ടാകണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

**എം രവികുമാർ**
(സെക്രട്ടറി)



# തൃശൂർ പൂരവും, കാറൽ മാർക്സും

**-രാജൻ എലവത്തൂർ-**




മലയാള പത്രങ്ങളിൽ സപ്ലിമെന്റ് ഇക്കാലത്ത് നിത്യ പതിവാണ്. സാമ്പത്തിക നേട്ടം കൂടി ഉള്ളതിനാൽ പത്രങ്ങൾ പലവിഷയങ്ങളിലും സപ്ലിമെന്റുകൾ ഇറക്കി കൊണ്ടിരിക്കുകയാണല്ലോ.

തൃശൂർ പൂരത്തിന് പത്രങ്ങൾ മത്സരിച്ചാണ് സപ്ലിമെന്റുകളിറക്കുന്നത്.

പണ്ട് ഇന്നത്തെ പത്രങ്ങളുടെ പ്രകട രൂപം ഒന്നും ഇല്ലാതിരുന്ന കാലത്ത് കുന്നംകുളംമനോരമയിൽ (മനോരമ നിരോധിച്ചപ്പോൾ കുന്നംകുളത്തു നിന്ന് പ്രസിദ്ധീകരിച്ചിരുന്ന കാലം). തൃശൂർ പൂരം സംബന്ധിച്ച സപ്ലിമെന്റ് പ്രസി ദ്ധീകരിച്ചിരുന്നു.(1939 ഏപ്രിൽ 29) ഇക്കാലത്തെ പോലെ പരസ്യ ബാഹുല്യമായിരുന്നില്ല സപ്ളിമെന്റ്. പൂരത്തിന്റെ സചിത്ര വിവരങ്ങൾ അടങ്ങിയതായിരുന്നു സപ്ലിമെന്റ്.

കൊച്ചി മഹാരാജാവിന്റെ ബഹുവർണ്ണ ഫോട്ടോയും കുറിപ്പും സഹിതമായിരുന്നു പത്രത്തിന്റെ സപ്ലിമെന്റിന്റെ ഒന്നാം പേജ് തുടർ പേജുകളിൽ തൃശൂർ മുനിസിപ്പൽ ഓഫീസിന്റെ ഫോട്ടോ, പൂരം എക്സിബിഷനെ കുറിച്ചുള്ള ലേഖനം, പൂരം തെക്കോട്ടിറക്കത്തിന്റെ ഫോട്ടോയും, വൃഷപുരിയിലെ വടക്കുനാഥൻ എന്ന പേരിൽ വടക്കുംനാഥ ക്ഷേത്രത്തെ കുറിച്ചുള്ള ഗംഭീര ലേഖനവും ഉൾപ്പെടുത്തിയിരുന്നു. വൃഷപുരി എന്നാൽ തൃശ്ശിവപേരൂർ. മറ്റൊരു ലേഖനം കാറൽമാർക്സിന്റെ മൂലധനം സംബന്ധിച്ച പ്രൗഢോജ്വല ലേഖനം പുതുമയായി. ശക്തൻ തമ്പുരാൻ പൂര മഹോത്സവം ഏർപ്പെടുത്തിയ മഹാരാജാവ് എന്ന ലേഖനവും ശ്രദ്ധേയമായിരുന്നു. പ്രസിദ്ധ ചിന്തകൻ എം.ഗോവിന്ദൻ അക്കാലത്ത് എഴുതിയ കണ്ണുപൊട്ടൻ എന്ന ചെറുകഥയും പ്രസിദ്ധികരിച്ചു. ഒപ്പം തന്നെ കുന്നംകുളത്തെ അന്ധബധിര വിദ്യാലയത്തെ കുറിച്ചുള്ള മികച്ച ഒരു ലേഖനവും ഉണ്ടായിരുന്നു.







പൂരം ആശംസകൾ....

**കേരളത്തിന്റെ തനതായ സുഗന്ധം**

**കമലവിലാസ് (Regd.) വാസന സാധനങ്ങൾ**

**കളഭപ്പൊടി**
വെള്ളത്തിൽ കുഴച്ച് കുറി തൊടുവാനും, കല്ല്യാണം, ഉത്സവം, വിരുന്നു സൽക്കാരസമയങ്ങളിൽ ഉപയോഗിക്കുവാൻ വിശിഷ്ട കളഭക്കൂട്ട്.

**ആനന്ദകുസുമം** (REGD)
ഈ തൈലക്കൂട്ടു കൊണ്ട് എളുപ്പത്തിൽ നല്ല ഇടിച്ച പുകയിലതയ്യാറാക്കാം.മുറുക്കുമ്പോൾ വായ്ക്ക്നല്ല രുചിയും മണവുംനൽകുന്നു.

**ദശാംഗം**
ഈ വിസിഷ്ടധൂപപ്പൊടി സന്ധ്യാസമയത്തും പൂജാകർമ്മാദി സമയത്തുംപുകച്ചു വരുന്നത് മനോശാന്തിക്കും ശ്രീകരത്തിനും വിശേഷം.

**വാസനചുണ്ണാമ്പ്**
വിറ്റിലയിൽ തേച്ച് മുറുക്കുമ്പോൾ വായ്ക്ക് നല്ല രുചിയും മണവും നൽകുന്നു.

**പി.എ. അയ്യർ കമലവിലാസ് പെർഫ്യൂമറിവർക്സ്**
റെയിൽവേ സ്റ്റേഷൻ റോഡ്, ചെട്ട്യങ്ങാടി Jn., തൃശൂർ-1. ഫോൺ: 0487 2420691

DAYA GENERAL HOSPITAL & SPECIALITY SURGICAL CENTRE

**DAYA CANCER CARE**

- Multidisciplinary Tumor Board
- Oncology Consultation
- Chemotheraphy, Immunotheraphy and Targetted Therapy
- Oncosurgery
- Early Detection and Screening
- Oncological Palliation and Supportive Care

Viyyur, Thrissur | 0487 2475100, 3501000
www.dayageneralhospital.com

PRESENCE IN: KUNNAMKULAM | PALAKKAD | VALAPPAD

## തൃശൂർ പൂരം പ്രദർശനം – 2025

തിരുവമ്പാടി – പാറമേക്കാവ് ദേവസ്വങ്ങളുടെ ആഭിമുഖ്യത്തിൽ 1964 മുതൽ നടക്കുന്ന

**കാർഷിക, വിജ്ഞാന-വ്യാപന വിപണന മേള (62-ാം വർഷം)**

**മെയ് 22 വരെ തുടരുന്നു**

വിജ്ഞാനം പകരുന്ന പവിലിയനുകൾ, അമ്യൂസ്മെന്റ് പാർക്ക്, അക്വാ ഷോ, എലിവേറ്റഡ് ഡോം തിയ്യറ്റർ എന്നിവ ഇത്തവണത്തെ പ്രത്യേകതകളാണ്

പ്രവേശന ഫീസ്: 40ക., പൂരം 3 ദിവസം: 50ക.

തുറന്നിരിക്കുന്ന സമയം: 10 a.m. to 9 p.m.

പൂരം 2 ദിനം കൂടുതൽ സമയം

എം രവികുമാർ സെക്രട്ടറി
ഉണ്ണികൃഷ്ണൻ മങ്ങാട്ട് ജോ. സെക്രട്ടറി
കെ ദിലീപ്കുമാർ ട്രഷറർ
കെ രവീന്ദ്രനാഥ് പ്രസിഡണ്ട്
ഡോ. എം ബാലഗോപാൽ വൈ.പ്രസിഡണ്ട്
പി. പ്രകാശ് വൈ.പ്രസിഡണ്ട്

**Steel and Industrial Forgings Limited**
SIFL
A Govt. of Kerala Undertaking
ATHANI P.O. THRISSUR - 680581, KERALA INDIA
Phone: 91-487-2201736, 91-9400000639 Fax: 91-487-2201753
Website: www.siflindia.com E mail: sifl.gm.mktg@gmail.com

Masters in Titanium & Super Alloy Forgings

*Major Sectors catered : - Aerospace, Defence, Heavy Engg., Earth Moving, Aviation, Oil & Gas, Railways...etc.*



AS 9100:2016 Certified



# വിശ്വപ്രസിദ്ധമായ മഹാമേള





വടക്കുന്നാഥന്റെ കൺ വെട്ടത്ത് 48 മണിക്കൂർ നേരം ഇടമുറിയാതെ നാദവർണ്ണങ്ങൾ പെയ്യുന്ന ആഹ്ലാദക്കാഴ്ചകളുടെ വസന്തോൽസവമാണ് തൃശൂർ പൂരം. തേക്കിൻകാടിന്റെ പൂർണ്ണവൃത്തത്തിൽ ജനനദി അവിഘ്നമൊഴുകുന്ന തൃശൂർ പൂരം വിശ്വപ്രസിദ്ധമായ മഹാമേളയാണ്. തലയെടുപ്പുള്ള ഗജവീരന്മാരുടെ മനം കുളിർക്കുന്ന ആനച്ചന്തവും, മേളപ്രമാണിമാരുടെ അപൂർവ്വ സംഗമവും, പ്രസിദ്ധ കമ്പക്കെട്ടുകാരുടെ വാശിയേറിയ പങ്കാളിത്തവും തൃശൂർ പൂരത്തിന്റെ മാത്രം മഹത്വമാണ്.

വടക്കുന്നാഥന്റെ പടിഞ്ഞാറെ ഗോപുരത്തിന്റെ നിഴലിൽ കുഞ്ഞിലഞ്ഞിയുടെ ചുവട്ടിൽ നാദഗോപുരം തീർക്കുന്ന ഇലഞ്ഞിത്തറമേളവും, നാദപഞ്ചാമൃതമായി തിരുവമ്പാടിയുടെ മഠത്തിൽവരവ് പഞ്ചവാദ്യവും പൂരക്കമ്പക്കാരെ ആനന്ദലഹരിയിലാഴ്ത്തും.

മേടമാസത്തിലെ പൂരം നാളിലാണ് 48 മണിക്കൂർ നീളുന്ന തൃശൂർ പൂരം. പൂരത്തിന് 7 നാൾ മുമ്പ് പാറമേക്കാവ്-തിരുവമ്പാടി ക്ഷേത്രങ്ങളിൽ വ്യത്യസ്ത മുഹൂർത്തങ്ങളിൽ കൊടിയേറ്റ ചടങ്ങുകൾ നടക്കുന്നു. കൊടിയേറ്റത്തോടെ നഗരം പൂരലഹരിയിലമരുകയായി. സ്വരാജ് റൗണ്ടിൽ നടുവിലാൽ, നായ്ക്കനാൽ, മണികണ്ഠനാൽ എന്നിവിടങ്ങളിൽ കമനീയ പന്തലുകളുടെ നിർമ്മാണം പൂർത്തിയായി. മണികണ്ഠനാലിൽ പാറമേക്കാവ് വിഭാഗവും, നായ്ക്കനാൽ, നടുവിലാൽ എന്നിവിടങ്ങളിൽ തിരുവമ്പാടിയും പന്തൽ നിർമ്മിച്ചു. കൊടിയേറ്റം കഴിഞ്ഞ് അഞ്ചാം ദിവസം പാറമേക്കാവ്-തിരുവമ്പാടി വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടന്ന സാമ്പിൾ വെടിക്കെട്ടു ദർശിക്കാൻ ജനലക്ഷങ്ങളാണ് പൂരനഗരിയിലെത്തിയത്. സാമ്പിൾ വെടിക്കെട്ട് ദിവസം രാവിലെ അഗ്രശാലയിൽ പാറമേക്കാവ് വിഭാഗം ആനച്ചമയ പ്രദർശനം തുടങ്ങി. പൂരത്തലേന്നാണ് തൃശൂർ കൗസ്തുഭം ഓഡിറ്റോറിയത്തിൽ തിരുവമ്പാടിക്കാർ ആനച്ചമയ പ്രദർശനം നടത്തുന്നത്. സാമ്പിൾ വെടിക്കെട്ടു ദിവസം മുതൽ പൂരപ്പന്തലുകൾ വൈദ്യുതാലംകൃതമായി.



പൂരത്തലേന്ന് തേക്കിൻകാട് മൈതാനത്ത് ആനകളെ പ്രദർശിപ്പിക്കുന്നത് കാണാൻ കുടുംബസമേതം പൂരപ്രേമികളെത്താറുണ്ട്. ഏതാനും വർഷം മുൻപാണ് ആനകളെ പ്രദർശിപ്പിക്കുന്ന പരിപാടി തുടങ്ങിയത്. കൊടിയേറ്റ ദിവസത്തിനു ശേഷം പാറമേക്കാവ്-തിരുവമ്പാടി ക്ഷേത്രങ്ങൾ വൈദ്യുതി ദീപങ്ങളാൽ അലങ്കരിച്ചിട്ടുണ്ട്.

പണ്ട്, ഏതാണ്ട് 200 വർഷങ്ങൾക്കു മുൻപാണ് തൃശൂർ പൂരത്തിന്റെ ഉത്ഭവമെന്ന് പഴമക്കാർ പറയുന്നു. ശക്തൻ തമ്പുരാൻ മഹാരാജാവാണ് തൃശൂർ പൂരത്തിന്റെ ആദ്യ സംഘാടകൻ. ആറാട്ടുപുഴ പൂരത്തിൽ പങ്കെടുക്കാൻ പോയ തൃശൂർ ദേശക്കാർക്ക് കനത്ത മഴയെ തുടർന്ന് ദേവമേളയിൽ വൈകിയാണെത്താനായത്. വൈകിയെത്തിയ തൃശൂർ ദേശക്കാരെ ഇനി ആറാട്ടുപൂരത്തിൽ പങ്കെടുപ്പിക്കേണ്ടതില്ലെന്ന് തീരുമാനമായി. ഇതറിഞ്ഞ ശക്തൻ മഹാരാജാവ് തൃശൂരിൽ തന്നെ മറ്റൊരു ദേവമേള സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

കൊടുംകാടായിരുന്ന തേക്കിൻകാട് മൈതാനം വെട്ടിത്തെളിച്ചു വൃത്തിയാക്കി, വടക്കുന്നാഥ ക്ഷേത്രം പുനരുദ്ധാരണം നടത്തി ഇന്നത്തെ രീതിയിലാക്കിയത് ശക്തൻ മഹാരാജാവ് തിരുമനസ്സാണ്.

തൃശൂർ പൂരത്തിന്റെ ഓരോ ചടങ്ങുകൾക്കും അനേകം കഥകളുണ്ട്, ചരിത്രമുണ്ട്, ഐതിഹ്യമുണ്ട്.

തൃശൂരിന്റെ സ്വത്വം തൃശൂർ പൂരമാണ്. എത്ര പറഞ്ഞാലും തീരാത്ത പൂരക്കഥകളുടെ



സ്മൃതികളുമായാണ് തൃശൂർക്കാർ പൂരത്തെ വരവേൽക്കുന്നത്.

പൂരദിവസം മേടവെയിൽ പ്രത്യക്ഷമാകും മുൻപ് കണിമംഗലം ശാസ്താവിന്റെ എഴുന്നള്ളിപ്പ് തെക്കേഗോപുരത്തിലൂടെ വടക്കുന്നാഥ ക്ഷേത്രത്തി



നകത്തേക്ക് പ്രവേശിക്കും. തുടർന്നങ്ങോട്ട് നാദവർണ്ണങ്ങളുടെ നീരാട്ടാണ്. നാലുദിക്കുകളിൽ നിന്നായി മേടവെയിലിന്റെ കാന്തിക ശോഭയിൽ 8 ചെറുപൂരങ്ങളാണ് വടക്കുന്നാഥനെ വണങ്ങാനെത്തുക. പൂരദിവസം രാവിലെ 7 ന് തിരുവമ്പാടി ഭഗവതിയുടെ എഴുന്നള്ളിപ്പ് തെക്കേ മഠത്തിൽ ചെന്ന് അവസാനിക്കും. ഉച്ചക്ക് 12 നാണ് പാറമേക്കാവ് ഭഗവതി എഴുന്നള്ളുക.

തിരുവമ്പാടിയുടെ എഴുന്നള്ളിപ്പിനു ശേഷം മഠത്തിൽ വരവ് പഞ്ചവാദ്യം. എഴുന്നള്ളിപ്പ് നടുവിൽമഠത്തിൽ നിന്ന് ആരംഭിക്കും. പാറമേക്കാവ് ഭഗവതിയുടെ എഴുന്നള്ളിപ്പ് വടക്കുന്നാഥക്ഷേത്രത്തിനകത്ത് സമാപിച്ച ശേഷം ഉച്ചക്ക് 2.30ന് ചരിത്രപ്രസിദ്ധമായ ഇലഞ്ഞിത്തറമേളം ആരംഭിക്കും. മഠത്തിൽ വരവ് 2.45ന് നായ്ക്കനാലിൽ കൊട്ടിക്കലാശിക്കുമ്പോൾ, ഇലഞ്ഞിത്തറമേളം നാലരയോടെ സമാപിക്കും. തുടർന്ന് പാറമേക്കാവ് ഭഗവതിയും, തിരുവമ്പാടി ഭഗവതിയും തെക്കേഗോപുരത്തിലൂടെ പുറത്തേക്ക് പ്രവേശിക്കും. തുടർന്ന് വൈകീട്ട് അഞ്ച് മണിക്ക് ജനലക്ഷങ്ങൾ പങ്കെടുക്കുന്ന കുടമാറ്റം നടക്കും. രാത്രി ചെറുപൂരങ്ങളുടെ എഴുന്നള്ളിപ്പ് ആവർത്തിക്കും.

രാത്രി പതിനൊന്നരമണിയോടെ പാറമേക്കാവ്- തിരുവമ്പാടി വിഭാഗങ്ങൾ എഴുന്നള്ളിപ്പ് വീണ്ടും നടത്തും. എഴുന്നള്ളിപ്പിനോടൊപ്പമുള്ള പഞ്ചവാദ്യം വെളുപ്പിന് തീരും. തുടർന്ന് വെടിക്കെട്ട്. പൂരപ്പിറ്റേന്ന് 8 മണിക്ക് പാറമേക്കാവ് തിരുവമ്പാടി ഭഗവതിമാർ വടക്കുന്നാഥ പടിഞ്ഞാറെ നടയിലേക്ക് എഴുന്നള്ളും. ഉച്ചയോടെ ഉപചാരചടങ്ങുകൾക്കു ശേഷം പൂരം സമാപിക്കും.

## റോബോട്ടിക് ആനയെ എഴുന്നള്ളിച്ച് കോർപ്പറേഷന്റെ 'മ്മ്ടെ പൂരം'


തൃശ്ശൂർ: പൂരത്തിനു മുന്നോടിയായി തൃശൂർ കോർപറേഷൻ ' മ്മ്ടെ പൂരം' പരിപാടി സംഘടിപ്പിച്ചു. റോബോട്ടിക് ആനയെയും നാടൻ കലാരൂപങ്ങളും അണിനിരത്തിയായിരുന്നു മ്മ്ടെ പൂരത്തിന്റെ ഘോഷയാത്ര. മേയറും കൗൺസിലർമാരും പങ്കെടുത്തു.

പരിപാടിയിൽ പങ്കെടുക്കാൻ ജീവനക്കാരെല്ലാം പോയതിനെതുടർന്ന് കോർപ്പറേഷൻ ഓഫീസിൽ ജീവനക്കാരില്ലാതായി. കോർപ്പറേഷനിലെ എൻജിനീയറിംഗ് സെക്ഷനിലടക്കം പല സെക്ഷനുകളും ഒഴിഞ്ഞുകിടന്നു.

'മ്മ്ടെ പൂര'ത്തിന്റെ പേരിൽ കോർപ്പറേഷനിൽ അപ്രഖ്യാപിത അവധിയാണ് പ്രഖ്യാപിച്ചതെന്നു പ്രതിപക്ഷനേതാവ് രാജൻ ജെ. പല്ലൻ ആരോപിച്ചു. സ്വരാജ് റൗണ്ടിൽ നടത്തിയ ഘോഷയാത്രയിൽ യഥാർഥ ആനയ്ക്കു പകരം റോബോട്ടിക് ആനയെ എഴുന്നള്ളിച്ചതിനെയും അദ്ദേഹം വിമർശിച്ചു. പ്ലാസ്റ്റിക് ആനയെ ഇറക്കി തൃശൂർ പൂരത്തെ കോർപ്പറേഷൻ ഭരണസമിതി അപമാനിക്കുകയാണ് ചെയ്തത്. അപ്രഖ്യാപിത അവധി നൽകുന്നതു നിയമവിരുദ്ധമാണ്. വിഷയം കൗൺസിലിൽ ഉന്നയിക്കുമെന്നും ചീഫ് സെക്രട്ടറിക്കും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും പരാതി നൽകുമെന്നും അദ്ദേഹം പറഞ്ഞു.


പത്മവ്യൂഹം ഭേദിച്ച്

13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ




മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാന കാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവത യാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.

പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ 'ബ്രേവിംഗ് ഓഡ്സ്' 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.

അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം



പത്മവ്യൂഹം ഭേദിച്ച്

മാണി പയസ്

ഫോൺ: 9745561241

തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി
ദേശീയ അംഗീകാരമായ NABH ലഭിച്ചിട്ടുള്ള സ്ഥാപനം
ക്ലിപ്തം നമ്പർ ആർ.306
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ-680 001
Ph : 2335550, 2335551, 2335552
President : 9447127689 Email : cooperativehospitaltcr@gmail.com

- തൃശ്ശൂർ നഗരത്തിൽ ഏറ്റവും കുറഞ്ഞ ചിലവിൽ ആധുനിക രീതിയിൽ രോഗനിർണയവും ചികിത്സകളും ലഭ്യമാക്കുന്ന ഒരു മൾട്ടിജനറൽ, സൂപ്പർ സ്പെഷ്യാലിറ്റി ജനകീയ ആശുപത്രി
- വിവിധ ഇൻഷുറൻസ്, ESI പരിരക്ഷയുള്ള രോഗികൾക്ക് Cash less ചികിത്സ സൗകര്യം
- സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും കേരള സർക്കാരിന്റെ "മെഡിസെപ്പ്" പദ്ധതിപ്രകാരമുള്ള Cash less ചികിത്സ സൗകര്യം
- സി.ടി.സ്കാൻ, അൾട്രാസൗണ്ട്, Computer Radiography X-Ray, ലാബോറട്ടറി, ഫാർമസി, ആംബുലൻസ്, വിഭാഗങ്ങൾ 24 മണിക്കൂർ പ്രവർത്തന സജ്ജം, ആശുപത്രിയിൽ ഗർഭിണികൾക്കും, ഗർഭധാരണത്തിന് തയ്യാറെടുക്കുന്നവർക്കും വിദഗ്ദ ഡോക്ടർമാരുടെ ക്ലാസ്സുകൾ. പഠനവൈകല്യം, കൗമാരവിദ്യാഭ്യാസം, വിവാഹപൂർവ്വ കാര്യങ്ങൾ എന്നിവയിൽ തണൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് കൗൺസലിംങ്ങ് നടത്തുന്നതാണ്.

ശ്രീ.ടി.കെ. പൊറിഞ്ചു
പ്രസിഡന്റ്

ജോസി തോമസ്
സെക്രട്ടറി ഇൻ ചാർജ്ജ്



കടുപ്പത്തിലൊരു ചായ...





കാജാ ചായ


ക്രിസ്മസ് ആശംസകൾ...

PONY ELECTRICALS & SANITARY WARE

POOTHOLE ROAD, THRISSUR - 680 004. Ph: +91 487 2389331, 9946555743

E-mail: ponyagencies@gmail.com







Wholesale & Retail Dealers in

Electrical & Plumbing Goods Contractors for all Electrical works

Authorised Dealers of: Kaithan Fans, Havell's India, Videon Products, 'Anchor' Electrical Goods, ABB, FINO & V-Guard Products

PONY ELECTRICALS & SANITARY WARE

POOTHOLE ROAD, THRISSUR - 680 004. Ph: +91 487 2389331, 9946555743

# തൃശൂർ പൂരം പോരിന്റെ പുരമാക്കരുത്: തൃശൂർ സാംസ്കാരിക അക്കാദമി

തൃശൂർ: 'പൂരമാഹാത്മ്യം- അനുഭവം - ഓർമ്മ' സംവാദം തൃശൂർ നാഷ്ണൽ ബുക്ക് സ്റ്റാളിൽ നടന്നു.

ശിവകാശി പടക്ക കമ്പോളത്തിന് നേട്ടമുണ്ടാക്കാൻ കൂടി പൂരം അവസരം ഉണ്ടാക്കരുത്. പണ്ട് പൂരനാളുകളിൽ തൃശൂരിൽ സ്ത്രീ സാന്നിധ്യം കുറവായിരുന്നു. പൂരകഞ്ഞി, പൂരം അക്ഷരശ്ലോക മത്സരം, പൂരം ചമയ പ്രദർശനം തുടങ്ങി അനുഭവപ്പെടുന്നുവെന്നും സംവാദം ചൂണ്ടിക്കാട്ടി


*തൃശൂർ പൂരമഹോത്സവം അനുഭവം ഓർമ സംവാദം പു.ക.സ. സംസ്ഥാന കമ്മറ്റി അംഗം വി.മുരളി ഉൽഘാടനം ചെയ്യുന്നു*

പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാനകമ്മറ്റി അംഗം വി.മുരളി സംവാദം ഉൽഘാടനം ചെയ്തു. അഡ്വ: എ.ഡി ബെന്നി അദ്ധ്യക്ഷത വഹിച്ചു. സാഹിത്യകാരി സി.പി. ശ്രീരേഖ, ഷാജു പുതൂർ, ശപത്ഥ്, രാജൻ എലവത്തൂർ, ഡേവിസ് കണ്ണമ്പുഴ, പി.ഉദയകുമാർ, എംഎം.എ. റസാഖ്, വി.മാധവികുട്ടി,സലേഷ് കെ.ഡി., മോഹൻദാസ് പാറപ്പുറത്ത്, എം.മാധവൻ കുട്ടി മേനോൻ, രാജേശ്വരിപ്രസംഗിച്ചു.

## ബിവറേജ് ഷോപ്പ് ജീവനക്കാരനെ കൊലപ്പെടുത്താൻ ശ്രമിച്ച രണ്ടു പ്രതികൾ റിമാന്റിലേക്ക്

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട കാട്ടൂർ റോഡിലുള്ള ബിവറേജ് ഷോപ്പിൽ സെയിൽസ് മാനായി ജോലി ചെയ്യുന്ന കാട്ടൂർ ലേബർ സെന്റർ ദേശത്ത് ഒറ്റാലി വീട്ടിൽ സതീശൻ 53 വയസ്സ് എന്നയാൾ ഷോപ്പിന്റെ കൌണ്ടർ ക്ലോസ്സ് ചെയ്ത് ഷട്ടർ താഴ്ത്തി ഇടുന്ന സമയം ഷോപ്പിലേക്ക് കയറി വന്ന കാറളം കല്ലന്തറ താണിശ്ശേരിയിൽ താമസിക്കുന്ന ഇരിങ്ങാലക്കുട പൊറത്തുശ്ശേരി കണ്ണമ്പുള്ളി വീട്ടിൽ ഓലപീപ്പി സജീവൻ എന്നു വിളിക്കുന്ന സജീവൻ, (45), പോട്ട പടിഞ്ഞാറെത്തല വീട്ടിൽ ഫ്രിജോ (38) എന്നിവരോട് ഷോപ്പിൽ നിന്നും പുറത്തേക്ക് പോകാൻ പറഞ്ഞതിലുള്ള വിരോധത്താൽ സജീവൻ, ഫ്രിജോ എന്നിവർ 03.05.2025ന് രാവിലെ 10.00 മണിക്ക് ബിവറേജ് ഷോപ്പിലേക്ക് ജോലിക്കു വന്ന സതീശനെ തടഞ്ഞു നിർത്തി വെട്ടുകത്തി കൊണ്ട് കൊലപ്പെടുത്താൻ ശ്രമിച്ച കാര്യത്തിന് സജീവൻ, ഫ്രിജോ എന്നിവരെ ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു.

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഷാജൻ എം എസ്, സബ് ഇൻസ്പെക്ടർമാരായ ദിനേശ് കുമാർ, മുഹമ്മദ് റാഷി, പ്രൊബേഷൻ എസ് ഐ സുബിൻ, എ എസ് ഐ ഉമേഷ്, സീനിയർ സിവിൽ പോലീസ് ഓഫീസർ ദിനുലാൽ സിവിൽ പോലീസ് ഓഫീസർ കൃഷ്ണദാസ് എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്.

## നിര്യാതയായി

### തങ്കമണി



പുതുക്കാട്: തെക്കേ തൊറവ് തയ്യിൽ മാധവൻ (Late) ഭാര്യ തങ്കമണി (76) നിര്യാതയായി സംസ്കാരകർമ്മം ഇന്ന് രാവിലെ 11 മണിക്ക് ഇരിഞ്ഞാലക്കുട മുക്തിസ്ഥാനിൽ നടന്നു. മക്കൾ. മരുമക്കൾ. ജയൻ നിമ്മി. ഷീല. ബാബു. ഷീജ രാധാകൃഷ്ണൻ.

## മഹാത്മ കുടുംബ സംഗമം



പുതുക്കാട്: ഇന്ത്യൻ നാഷ ˘ ണൽ കോൺഗ്രസ് പുതുക്കാട് മണ്ഡലം രണ്ടാം വാർഡ് മഹാത്മ കുടുംബ സംഗമം സെബികൊടിയന്റെ വസതിയിൽ ബ്ലോക്ക് ജന.സെക്രട്ടറി സിന്റോആന്റണി യുടെ അദ്ധ്യക്ഷതയിൽ മുൻ എം പി യും AICC മെമ്പറുമായ കുമാരി രമ്യ ഹരിദാസ് ഉൽഘാടനം ചെയ്തു.

ഡി സി സി ജനറൽ സെകട്ടറി സെബി കൊടിയൻ, പുതുക്കാട് മണ്ഡലം ഇൻ ചാർജ് സോമൻ മുത്രത്തിക്കര, പി പി ചന്ദ്രൻ, സിജോ ആന്റണി, സ്റ്റാൻ ലോ ജോർജ്ജ്, ലിൻസൻ പല്ലൻ, തോബി തോട്ട്യാൻ ,ആൻഞ്ചലോ പൊന്തോക്കൻ, വർഗ്ഗീസ് തെക്കേതല , ജോളി ചുക്കിരി, കെ വി കല്യാണി ,ജോസ് തയ്യാലക്കൻ ,ജോബി മധുരക്കറി എന്നിവർ സംസാരിച്ചു. യോഗത്തിൽ മുതിർന്ന കോൺഗ്രസ്സ് പ്രവർത്തകരെ ആദരിച്ചു

## ബി.കെ. ധനലക്ഷമി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആനുവൽ റിവ്യൂ മീറ്റിങ്ങും വിഷു ആഘോഷവും



**ജോ**യ്സ് പാലസിൽ നടന്ന ചടങ്ങിൽ സിനിമ സീരിയൽ താരം ആനന്ദ് വിശിഷ്ടാതിഥിയായി. ബി.കെ.ഡി ചെയർമാൻ പി.എസ്. ബിന്ദുകുട്ടൻ അദ്ധ്യക്ഷത വഹിച്ചു. ബി.കെ.ഡി വൈസ് ചെയർപേഴ്സൺ പ്രവീണ വിജയൻ, മാനേജിങ്ങ് ഡയറക്ടർ ദിലീപ് ദാസ്, ജനറൽ മാനേജർമാരായ ഡയാന മിനു, സുഭാഷ് രവി, ഷാമിൻ ജോർജ് എന്നിവർ സംസാരിച്ചു. വിഷു കൈനീട്ടം വിതരണവും മികച്ച പ്രകടനം കാഴ്ചവച്ച ജീവനക്കാരെ അനുമോദിക്കലും നടന്നു. തുടർന്ന് വിഭവ സമൃദ്ധമായ വിഷു സദ്യയും ഉണ്ടായി. നാലാം വർഷത്തിലേക്ക് കടന്ന ബി.കെ.ഡി - ജ്വല്ലറി ഉൾപ്പെടെയുള്ള കൂടുതൽ ബൃഹത് പദ്ധതികൾക്ക് തുടക്കം കുറിക്കാനുള്ള തയ്യാറെടുപ്പിലാണ്. നിലവിൽ ബ്രേക്ക്ഫാസ്റ്റ് വിഭവങ്ങൾക്കുള്ള പുട്ടു, പത്തിരി, അപ്പം, പാലപ്പം പൊടികളടങ്ങിയ ബി.കെ.ഡി എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും, ഒമാം വാട്ടർ, ഡയബോ കെയർ, ബനാന സ്റ്റെം എക്സ്ട്രാക്റ്റ് ജ്യൂസ്, പൈൽ എക്സ് ജ്യൂസ്, സ്ലിം ഫിറ്റ് ജ്യൂസ് എന്നിവയോടുകൂടിയ ബി.കെ.ഡി ഹെർബൽസും വിപണിയിൽ ജനപ്രീതി നേടി കഴിഞ്ഞു. കൂടാതെ വയനാട് മാനന്തവാടിയിലെ ഗ്രീൻ കബാന റിസോർട്ട്, കുശാൽ നഗറിലെ ഹോട്ടൽ റോയൽ ട്രീറ്റ്, ആലത്തൂരിലെ ഡയറി ഫാം, പുതുക്കാട് പ്രവർത്തിക്കുന്ന ജ്യൂസ് ആന്റ് മിനറൽ വാട്ടർ എന്നിവ ബി.കെ.ഡിയുടെ സ്വന്തം സ്ഥാപനങ്ങളാണ്. ഇതിനുപുറമെ ഫാം ടൂറിസത്തിന്റെ ഭാഗമായി തെങ്കാശിയിൽ 130 ഏക്കർ ഭൂമിയും ബി.കെ.ഡിയ്ക്കുണ്ട്. ഇങ്ങനെ ജനകീയതയും വിശ്വാസവും ആർജ്ജിച്ച് മുന്നേറുകയാണ് ബി.കെ. ധനലക്ഷമി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

## പൂര പെരുമ



പൂരങ്ങളിൽ വലിയൊരു
പൂരമതൊന്ന് തൃശൂർ
പൂരമല്ലോ?
തേക്കില്ല കാടില്ല പൂരപറമ്പ്
അതൊന്നിലെ പൂരമതല്ലോ
തൃശൂർ പൂരം

പൂരമെത്താൻ കാത്തു നിൽക്കു മോഹമേറെ -
ആരേയും പേടിക്കാതെ
സ്വതന്ത്രമായി കറങ്ങാം, കളിക്കാം പൂരപ്പറമ്പിൽ -
ആരും ചോദിക്കാനും പറയാനുമില്ലല്ലോ?.
സർബത്ത്, സംഭാരം, ഐസ്ഫ്രൂട്ട്, പൊരി മുറുക്ക്,
കടല കടിച്ചിറക്കി കറങ്ങാനൊരു
പൂരമതല്ലോ തൃശൂർ പൂരം

കടലാസ് വിശറി, തൊപ്പി കൈനിറയെ കിട്ടും
അതൊന്നീ പൂരനാളിൽ മാത്രം.
വിശറി വീശി തൊപ്പിയിട്ട് ഗമയിലൊരു സരിഗമയായി
നടന്നിടാനി തൃശൂർ പൂരമല്ലാതെന്തുണ്ട്?

ഭാവി പറയും, ഭാവി കെടുത്തും
തെരുവോര കൂട്ടിലെ തത്തമ്മമാരുമായമ്മമാർ
നിരന്നിരിക്കും വഴിയോരക്കാഴ്ചക്കതിനൊരു
തൃശൂർ പൂരമതൊന്നു മാത്രമല്ലൊ

കരിവീരചമയം കുടമാറ്റ മാരിവില്ലിൻ ഏഴഴകു വിരിയും
വെടിക്കെട്ടിൻ മാസ്മരികതയാം പൂരമതൊന്ന്
തൃശൂർ പൂരമത്രെ

പൂര മോഹ പീലി വിടരും പൂരപലഹാര ഭാണ്ഡവുമേറി
മമ പൂര നാടെ, അടുത്താണ്ടിൽ
കാണാമെന്നൊരുപചാരംചൊല്ലി പിരിഞ്ഞിടട്ടെ

**-രാജൻ എലവത്തൂർ**








**COURT NOTICE**

**BEFORE THE HON'BLE MOTOR ACCIDENTS CLAIM TRIBUNAL, THRISSUR, KERALA**

OP (MV): 2471/2023

Mohammed Farook
-Petitioner

Sumesh C.K., age 41, S/o. Krishnan, Chozhiyatitri House, Kadikkad P.O., Punnayoorkulam, Thrissur
-2nd Respondent

Please take notice that the above numbererd claim petition stands posted on **26-07-2025** for the appearance of second respondent. If you you fail to attend the court on the same date through the person or authorised Counsel 11.00 a.m. you will be set exparte.

Dated this the 3rd day of May 2025
Counsel for the Petitioner
**Shani K. Krishnan**
(Sd/-)










RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4













